# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.17 No.6 കാർത്തികപ്പള്ളി R.No. 7361/02 2017 JUNE

www.vedabhimani.com

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2015-17 Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.

നിത്യത–സ്വർഗ്ഗം ലക്ഷ്യംവച്ച് പരിശ്രമിക്കുവാൻ വിശ്വാസികളെ പ്രാദേശിക സഭകൾ പരിശീലിപ്പിക്കുന്നില്ലെങ്കിൽ ക്രിസ്ത്യാനിത്വം പരാജയവും പരിഹാസ്യവുമായിത്തീരും

## ഒഴുകിനടക്കും ഹോട്ടൽ



കടലിലൂടെ ഒഴുകി നടക്കുന്ന ഹോട്ടൽ മുറികൾ ജപ്പാനിൽ ഒരുങ്ങുന്നു.

പുറത്തുനിന്നു നോക്കിയാൽ കടലിൽ ഒഴുകി നടക്കുന്ന ഒരു വലിയ ഗോളം. എന്നാൽ ഉള്ളിലോ സ്റ്റാർ ഹോട്ടൽ മുറികളെ വെല്ലുന്ന സൗകര്യങ്ങൾ. മുകളിലത്തെ നിലയുടെ മേൽക്കൂര നിർമ്മിച്ചിരിക്കുന്നതാകട്ടെ ഗ്ലാസുകൊണ്ടും. ഇവിടെയാണ് കിടക്ക സജ്ജീകരിച്ചിരിക്കുന്നത്. പകൽ സൂര്യപ്രകാശത്തിൽ വെട്ടിത്തിളങ്ങുന്ന സമുദ്രവും രാത്രിയിൽ നക്ഷത്രങ്ങൾ നിറഞ്ഞ ആകാശവും ഇവിടെ കിടന്നുകൊണ്ട് ആസ്വദിക്കാം. ഒരു രാത്രി മുഴുവൻ കടലിലൂടെ ഒഴുകിനടന്ന് രാവിലെ മനോഹരമായ ദ്വീപിൽ എത്തിച്ചേരുന്ന ഈ ഹോട്ടൽ ജപ്പാനിലെ മിസുകമി ഹോട്ടൽ ശൃംഖലയാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. 20,000 രൂപയാണ് ഈ ഒഴുകും ഹോട്ടലിന്റെ ഒരു രാത്രി വാടക.

## ലോകത്തിന്റെ വിശപ്പകറ്റാൻ ഡ്രോൺ!




ലോകത്തിന്റെ പല കോണുകളും ഇപ്പോഴും പട്ടിണിയിൽ കഴിയുമ്പോൾ കഴിക്കാൻ കഴിയുന്ന ഡ്രോണുകളുമായെത്തുകയാണ് വിൻഡ് ഹോഴ്സ് എയ്റോസ്പേസ് എന്ന ബ്രിട്ടീഷ് കമ്പനി. എവിടെയും പറന്നെത്തി ജനങ്ങളുടെ വിശപ്പു മാറ്റാൻ സാധിക്കുന്ന അസൽ ഡ്രോണുകളാണ് കമ്പനി രൂപകല്പന ചെയ്യുന്നത്. പൗൺസർ എന്നാണ് പൂർണമായും റിമോട്ട് നിയന്ത്രണത്തിൽ നിൽക്കുന്ന ഈ ഡ്രോണുകളുടെ പേര്. ഈ ഡ്രോണിന്റെ ഒമ്പത് അടി നീളമുള്ള ചിറകുകൾ ഭക്ഷിക്കാവുന്നതാണ്. പ്രകൃതിക്ഷോഭത്തിൽപ്പെട്ടതോ യുദ്ധക്കെടുതിയിൽ ദുരിതമനുഭവിക്കുന്നതോ ആയ പ്രദേശങ്ങളിൽ ഡ്രോണുകൾ സഹായത്തിനെത്തും. 50 കിലോ ഭക്ഷണവുമായി 100 കിലോമീറ്റർ വരെ പറക്കാൻ കഴിവുള്ളവയാണ് ഭക്ഷ്യയോഗ്യമായ ഈ ഡ്രോണുകൾ. മുഴുവൻ സജ്ജീകൃതമായ ഒരു ഡ്രോണിന് ഒരു ദിവസം നൂറുപേർക്കെങ്കിലും ആഹാരമാകാൻ സാധിക്കും. ഏകദേശം 18,000 മുതൽ 20,000 രൂപ വരെയാണ് ഇതിന്റെ ചെലവ്.

## ചോക്ലേറ്റിനെപ്പറ്റി പറയുക പ്രതിഫലം 40 ലക്ഷം




രാവിലെ ഓഫീസിലേക്കു ചെല്ലുക. അവിടെയിരുന്നു വൈകുന്നേരംവരെ ചോക്ലേറ്റിനെക്കുറിച്ചു സംസാരിക്കുക. വാർഷിക ശമ്പളമായി നാല്പതു ലക്ഷം രൂപ വാങ്ങുക. എത്ര വിചിത്രമായ ആചാരം എന്നു തോന്നുന്നുണ്ടോ. സംശയിക്കേണ്ട ഇത്തരമൊരു ജോലിയുണ്ട്. ഫ്രഞ്ച് സെലക്ഷൻസ് എന്ന ചോക്ലേറ്റ് കമ്പനി കഴിഞ്ഞ ദിവസം അവരുടെ വെബ്സൈറ്റിൽ ഒരു പരസ്യം നൽകി. അവരുടെ ചോക്ലേറ്റിന് ഒരു ബ്രാൻഡ് അംബാസിഡറെ ആവശ്യമുണ്ട്. ഇംഗ്ലീഷ് ഭാഷയിൽ ആശയവിനിമയം നടത്താൻ കഴിയുന്ന ആർക്കും അപേക്ഷിക്കാം.

## മണ്ണിനുപകരം എഡ്ഡി



കൈയിൽ മണ്ണുപറ്റിക്കാൻ മടിയായതുകൊണ്ട് കൃഷി ചെയ്യാൻ മടിയുള്ളവർക്ക് ഒരു സന്തോഷ വാർത്ത. മണ്ണിന്റെ സഹായമില്ലാതെ ചെടികൾ വളർത്താൻ സഹായിക്കുന്ന റോബോട്ടുകൾ വിപണിയിൽ എത്താൻ ഒരുങ്ങുന്നു.

ന്യൂയോർക്കിലുള്ള ഒരു സ്റ്റാർട്ടപ് കമ്പനിയാണ് എഡ്ഡി എന്നു പേരിട്ടിരിക്കുന്ന ഈ റോബോട്ടിന്റെ ശിൽപ്പികൾ. മിലിട്ടറി ഗ്രേഡ് സെൻസറുകൾ ഉപയോഗിച്ചാണ് എഡ്ഡിയെ നിർമ്മിച്ചിരിക്കുന്നത്. കീടങ്ങളുടെ ശല്യമില്ലാതെ വീടിനുള്ളിൽ ചെറിയ പാത്രങ്ങളിൽ ചെടി വളർത്താൻ എഡ്ഡി സഹായിക്കും. റോബോട്ടിലുള്ള സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഇവ ചെടികളെ പരിശോധിക്കും.

പരിശോധനയുടെ അടിസ്ഥാനത്തിൽ ചെടിക്കാവശ്യമായ ജലത്തിന്റെയും ലവണങ്ങളുടെയും അളവ് മൊബൈൽ ആപ്ലിക്കേഷന്റെ സഹായത്തോടെ എഡ്ഡി ഉടമസ്ഥർക്ക് പറഞ്ഞുകൊടുക്കും. ഇതനുസരിച്ച് ജല-വള പ്രയോഗങ്ങൾ നടത്തിയാൽ നൂറുമേനി വിളവുകൊയ്യാമെന്ന് എഡ്ഡിയുടെ നിർമാതാക്കൾ അവകാശപ്പെടുന്നു. മണ്ണിനു പകരം ഒരിഞ്ച് മാത്രം ഉയരം വരുന്ന എഡ്ഡി റോബോട്ടുകൾ നമ്മുടെ അടുക്കളത്തോട്ടങ്ങൾ കീഴടക്കുന്ന നാൾ വിദൂരമല്ലെന്ന് കൃഷിശാസ്ത്രജ്ഞന്മാർ പറയുന്നു.

## പറക്കും ടാക്സി




പശ്ചിമേഷ്യയിലെ പറുദീസയാണ് ദുബായ്. ആഘോഷങ്ങൾക്കു പഞ്ഞമില്ലാത്ത ഇടം. ആടിയും പാടിയും കറങ്ങിയും ഉല്ലസിക്കാവുന്ന സ്വപ്നനഗരി. ഈ സവിശേഷതകൾ തന്നെയാവാം ദുബായിയെ സഞ്ചാരികളുടെ ഇഷ്ട ഇടമാക്കി മാറ്റിയതും. ദുബായിയുടെ സൗന്ദര്യം ആസ്വദിക്കാൻ എത്തുന്നവർക്കിതാ മറ്റൊരു വിസ്മയം ഒരുങ്ങുകയാണ് - പറക്കും ടാക്സികൾ.

പറക്കും ടാക്സികൾക്കു പിന്നിലെ തലച്ചോറ് ചൈനയാണ്. ഈഹാങ് 184 എന്നു പേരിട്ടിരിക്കുന്ന ഇവയുടെ പ്രാരംഭ പരീക്ഷണങ്ങൾ എല്ലാം തന്നെ നടന്നുകഴിഞ്ഞു. വരുന്ന ജൂലൈയിൽ പറക്കും ടാക്സികൾ ദുബായിയുടെ ആകാശത്തിലൂടെ പറന്നുയരും. ഡ്രൈവറില്ലാതെയാണ് പറക്കും ടാക്സികൾ വായുവിലൂടെ സഞ്ചരിക്കുന്നത്. 2030 ഓടെ ദുബായിയിലെ 25 ശതമാനം ഗതാഗതവും ഡ്രൈവറില്ലാ രീതിയിലേക്ക് മാറ്റുന്നതിനുള്ള ഒരുക്കത്തിന്റെ ഭാഗമായാണ് പറക്കും ടാക്സികൾ ദുബായ് ഭരണകൂടം പരീക്ഷിക്കുന്നത്.

മണിക്കൂറിൽ 100 കിലോമീറ്ററാണ് ഇഹാങ് 184 ന്റെ വേഗം. പറക്കുന്നതോ 300 മീറ്റർ ഉയരത്തിലും. ഇഹാങ് എന്നാൽ പ്രോഗ്രാം ചെയ്ത ഒരു ചെറു റോബോട്ടിന് സമാനമാണ്. യാത്രക്കാരൻ ടാക്സിയിൽ കയറിക്കഴിഞ്ഞു പോവേണ്ട സ്ഥലം തെരഞ്ഞെടുക്കുക. ടാക്സി സ്വയം പറന്നു യാത്രക്കാരനെ അവിടെ എത്തിക്കും.

## വേദനിപ്പിക്കുന്ന ഓർമ്മകൾ

ചില ഓർമ്മകൾ എത്ര മായിച്ചു കളയാൻ ശ്രമിച്ചാലും മനസിൽ തങ്ങിനിൽക്കും. പ്രത്യേകിച്ച് വേദനിപ്പിക്കുന്ന ഓർമ്മകൾ. ഇത്തരം ഓർമ്മകൾ ഇല്ലാത്ത മനുഷ്യരില്ല എന്നുതന്നെ പറയാം. ഈ വേദനകളെല്ലാം ഒരു ഡിലീറ്റ് ബട്ടൺ അമർത്തി മായ്ച്ച് കളയാൻ സാധിച്ചിരുന്നെങ്കിലെന്ന് ചിന്തിക്കാത്തവരും കുറവാണ്. ഇത്തരക്കാർക്ക് ആശ്വാസമായിരിക്കുകയാണ് ശാസ്ത്രലോകത്തിന്റെ പുതിയ കണ്ടെത്തൽ. വേദനിപ്പിക്കുന്ന ഓർമകൾ മായ്ച്ച് കളയാനാകുമെന്നാണ് ഗവേഷകർ കണ്ടെത്തിയിരിക്കുന്നത്. ലേസറിന്റെ സഹായത്തോടെയാണ് ഇത് സാധ്യമാക്കുന്നത്.



ജപ്പാനിലെ ടൊയാമ സർവകലാശാലയിലെ ഗവേഷകരുടേതാണ് കണ്ടെത്തൽ. ഓർമ്മകൾ മായ്ച്ച് കളയുന്നത് സംബന്ധിച്ച് എലികളിൽ നടത്തിയ പരീക്ഷണം വിജയമായി. പരീക്ഷണവിധേയരായ എലികളിൽ രണ്ട് വ്യത്യസ്തമായ, അസുഖകരമായ ഓർമ്മകൾ സൃഷ്ടിച്ചശേഷം അവ ലിങ്ക് ചെയ്യുകയും ഓർമ്മയിൽ നിന്ന് പൂർണ്ണമായി മായ്ക്കുകയുമായിരുന്നു.

അസുഖകരമായ ഓർമ്മകൾ ഉണ്ടായ സമയത്ത് സജീവമായിരുന്ന ന്യൂറോണുകളിൽ നിന്ന് ഓർമ്മകൾ ഇല്ലായ്മ ചെയ്യുന്ന ഒപ്റ്റോജെനിറ്റിക്സ് സാങ്കേതികവിദ്യയിലൂടെയാണ് ഓർമ്മകൾ മായ്ച്ചു കളഞ്ഞത്. അസുഖകരമായ ഓർമ്മകൾ മൂലം കടുത്ത മാനസിക സമ്മർദ്ദം അനുഭവിക്കുന്ന രോഗികളുടെ ചികിത്സയ്ക്ക് ഫലപ്രദമാണ് പുതിയ കണ്ടെത്തൽ എന്നാണ് കരുതപ്പെടുന്നത്.

വിഷമിപ്പിക്കുന്ന ഓർമ്മകൾ മനസ്സിൽ തങ്ങിനിൽക്കുന്നത് പലവിധ അസുഖങ്ങൾക്കും കാരണമാകുന്നു എന്നതാണ് ഇത്തരം കണ്ടെത്തലിലേക്ക് ശാസ്ത്രജ്ഞരെ നയിച്ചത്.

സുവിശേഷീകരണത്തിനും
ആധികാരിക വേദപുസ്തക പഠനത്തിനും

ടൈറ്റസ് കാർത്തികപ്പള്ളി
കേരള – 690516

9847232598
9847990939

| ചെയർമാൻ | ഡിറക്ടർ | വേദാഭിമാനി | ചീഫ് എഡിറ്റർ | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|
| ടി. എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | കളർ I ഡിജിറ്റൽ I ഇ-പേപ്പർ ലഭ്യമാണ് | ടൈറ്റസ് കാർത്തികപ്പള്ളി | ഇന്ത്യ – Rs. 150 മറ്റ് രാജ്യങ്ങൾ – Rs. 2000 | വേദാഭിമാനി, കേരള 690516 |

# അത് അവരുടെ പ്രമാണം നമ്മുടേയും

ഒക്ടോബർ 2, 2006 രാവിലെ പത്തുമണി കഴിഞ്ഞ സമയം. നിക്കൽ മൈൻഡ് എന്ന അമേരിക്കൻ ഗ്രാമത്തിലെ ഒരു ക്ലാസ് റൂം മാത്രമുള്ള ആമിഷ് സ്കൂളിൽ കുട്ടികൾ പഠിച്ചുകൊണ്ടിരിക്കുകയാണ്. ആറു മുതൽ പതിമൂന്നു വയസ് വരെ പ്രായമുള്ള 21 കുട്ടികൾ പഠിച്ചിരുന്ന ആ സ്കൂളിൽ അന്നു കുട്ടികളെ കൂടാതെ ക്ലാസ് ടീച്ചറും നാലു സന്ദർശകരുമാണുണ്ടായിരുന്നത്.





അപ്പോഴാണ് ആരും പ്രതീക്ഷിക്കാതിരുന്ന ഒരു സന്ദർശകൻ വിവിധതരം തോക്കുകളും മറ്റു മാരകായുധങ്ങളുമായി അവിടേക്കു കയറിച്ചെന്നത്. അവിടെ ഉണ്ടായിരുന്ന ചില കുട്ടികൾക്കു പരിചിതനായിരുന്നു മുപ്പത്തിരണ്ടുവയസുള്ള ചാൾസ് റോബർട്സ് എന്ന ആ ട്രക്ക് ഡ്രൈവർ.

പാൽ സംഭരിച്ചിരുന്ന ട്രക്ക് ഓടിച്ചിരുന്ന അയാൾ അന്ന് അതിരാവിലെ മൂന്നുമണിക്കായിരുന്നു ജോലികഴിഞ്ഞ് മടങ്ങിയെത്തിയത്. അപ്പോൾ ഉറങ്ങാൻ കിടന്ന അയാൾ തന്റെ കുട്ടികളെ പബ്ലിക് സ്കൂളിൽ അയയ്ക്കാൻ സമയമായപ്പോൾ ഉറക്കമുണർന്നു. ഭാര്യയായ മരീയോടൊപ്പം ഏഴും അഞ്ചും വയസുള്ള കുട്ടികളെ അയാൾ സ്കൂളിൽ ബസിൽ കയറ്റിവിട്ടു. പതിവിനു വിരുദ്ധമായി മക്കളെ രണ്ടാമതൊന്നുകൂടി ആലിംഗനം ചെയ്തിട്ടായിരുന്നു സ്കൂളിലേക്ക് പറഞ്ഞുവിട്ടത്.

തനിക്കൊരാളെ കാണാനുണ്ടെന്നു ഭാര്യയോട് പറഞ്ഞിട്ട് അവിടെനിന്ന് അയാൾ വേഗം അപ്രത്യക്ഷനായി. അതിനു ശേഷമായിരുന്നു ഒരു സുഹൃത്തിന്റെ ട്രക്ക് കടം വാങ്ങി തോക്കും മറ്റു മാരകായുധങ്ങളും സംഘടിപ്പിച്ച് അയാൾ നിക്കൽ മൈൻസിലെ സ്കൂളിലെത്തിയത്.

ആമിഷ് സമൂഹത്തിൽപ്പെട്ടവർ നടത്തിയിരുന്ന സ്കൂളായിരുന്നു അത്. **വൈദ്യുതി, മോട്ടോർ വാഹനങ്ങൾ, റേഡിയോ, ടെലിവിഷൻ എന്നിങ്ങനെ ജീവിതത്തിലെ ആധുനിക സൗകര്യങ്ങളൊന്നും ഉപയോഗിക്കാതെ എളിയ ജീവിതം നയിക്കുന്ന ഒരു ക്രിസ്തീയ സമൂഹമാണ് ആമിഷ്.** മേനോനൈറ്റ്-ആനാബാപ്റ്റിസ്റ്റ് സഭാപാരമ്പര്യത്തിൽ നിന്നു ജന്മമെടുത്ത ആമിഷ് സമൂഹം അമേരിക്കയിലെ പെൻസിൽവേനിയ, ഇൻഡ്യാന, ഒഹായോ എന്നീ സംസ്ഥാനങ്ങളിലായിട്ടാണു വ്യാപിച്ചു കിടക്കുന്നത്. 2016-ലെ കണക്കുകളനുസരിച്ച് അവരുടെ സംഖ്യ മൂന്നുലക്ഷമാണ്.

ആമിഷ് കുട്ടികൾ മാത്രം പഠിക്കുന്ന നിക്കൽ മൈൻസ് സ്കൂളിലെത്തിയ റോബർട്സ് അവിടെയുണ്ടായിരുന്ന മുതിർന്നവരെയും ആൺകുട്ടികളെയും പുറത്തേക്കു പോകുവാൻ അനുവദിച്ചു. ബാക്കി ഉണ്ടായിരുന്നതു പത്തു പെൺകുട്ടികളായിരുന്നു. അവരെയെല്ലാവരെയും അയാൾ കയറുകൊണ്ടു ബന്ധിച്ചു.

ക്ലാസ് റൂമിൽനിന്നു പുറത്തുകടക്കുവാൻ ഭാഗ്യം ലഭിച്ചവർ ഇതിനിടയിൽ പോലീസിനെ വിവരമറിയിച്ചു. നിമിഷനേരത്തിനുള്ളിൽ അവർ പാഞ്ഞെത്തിയെങ്കിലും രക്ഷാനടപടികൾ സ്വീകരിക്കുവാൻ അവർക്കു സാധിക്കുന്നതിനു മുമ്പ് പെൺകുട്ടികൾക്കു നേരേ അയാൾ നിറയൊഴിച്ചു. വെടിയേറ്റ പത്തുപേരിൽ അഞ്ചുപേർ തൽക്ഷണം മരിച്ചു. അതിനുശേഷം അയാൾ സ്വയം വെടിവച്ച് ആത്മഹത്യ ചെയ്തു.

ആമിഷ് സ്കൂളിൽ നടന്ന കൂട്ടക്കൊല അതിവേഗം അന്താരാഷ്ട്ര വാർത്തയായി. എന്നാൽ ഏതാനും മണിക്കൂറുകൾക്കുള്ളിൽ നിക്കൽ മൈൻസിൽനിന്നും മറ്റൊരു വലിയ വാർത്ത വന്നു. തങ്ങളുടെ പിഞ്ചുകുഞ്ഞുങ്ങളെ വധിച്ച ഘാതകനോട് ഞങ്ങൾ ക്ഷമിക്കുന്നു എന്നതായിരുന്ന ആ വാർത്ത. അവർ വാക്കുകൊണ്ടു മാത്രം ക്ഷമിക്കുകയല്ല ചെയ്തത്. അവരിൽ പലരും ഘാതകനായ റോബർട്സിന്റെ വീട്ടിലെത്തി അയാളുടെ ഭാര്യയേയും മാതാപിതാക്കളേയും അവർക്കുണ്ടായ നഷ്ടത്തിലും ദുഷ്പേരിലും ആശ്വസിപ്പിക്കുകയും ചെയ്തു.

അത്ഭുതാദരവുകളോടെയാണ് ലോകം അന്ന് ആമിഷ് ജനതയുടെ ഈ നടപടിയെ വീക്ഷിച്ചത്. തങ്ങളുടെ പിഞ്ചുകുഞ്ഞുങ്ങളെ അവരുടേതായ ഒരു കാരണവും കൂടാതെ വധിച്ചപ്പോൾ ഘാതകനോട് പ്രതികാരം ചെയ്യുന്നതിനു പകരം അയാളോടു ഹൃദയപൂർവം ക്ഷമിക്കുകയും അയാളുടെ കുടുംബത്തെ ആശ്വസിപ്പിക്കുകയുമാണ് അവർ ചെയ്തത്. എന്നു മാത്രമല്ല, ആ ഘാതകന്റെ സംസ്കാര കർമ്മങ്ങളിൽ അവർ പങ്കെടുക്കുകയും ചെയ്തു. അതുപോലെ, തങ്ങളുടെ കുഞ്ഞുങ്ങളുടെ സംസ്കാര കർമ്മങ്ങളിൽ പങ്കെടുക്കുവാൻ ഘാതകന്റെ കുടുംബാംഗങ്ങളെ സ്നേഹപൂർവം അനുവദിക്കുകയും ചെയ്തു.

മനുഷ്യർക്ക് ഇങ്ങനെ ക്ഷമിക്കുവാൻ സാധിക്കുമോ? അന്നു ലോകമെമ്പാടും ഉയർന്നുകേട്ട ഒരു ചോദ്യമാണിത്. ആമിഷ് ജനതയുടെ അസാധാരണമായ ഈ സ്വഭാവ വൈശിഷ്ട്യത്തെക്കുറിച്ച് നിരവധി ലേഖനങ്ങൾ എഴുതപ്പെട്ടു. അതുനുശേഷം 'ആമിഷ് ഗ്രെയ്സ്' എന്ന പേരിൽ ഒരു പുസ്തകംതന്നെ പുറത്തിറങ്ങി. ഈ പുസ്തകത്തിനു ഫ്രഞ്ച്, ജർമൻ, ജാപ്പനീസ്, കൊറിയൻ, ചൈനീസ് തുടങ്ങിയ ഭാഷകളിൽ വിവർത്തനങ്ങളുമുണ്ടായി.

യേശു കാൽവറിയിൽ ക്രൂശിലേറ്റപ്പെട്ടപ്പോൾ അവിടുന്നു തന്റെ ഘാതകരോടു ക്ഷമിച്ച മാതൃക അനുസരിച്ചുകൊണ്ടാണ് ആമിഷ് സമൂഹം റോബർട്സിനോടു ക്ഷമിച്ചത്.

ക്ഷമിക്കുക എന്നത് ആമിഷ് ജനതയെ സംബന്ധിച്ചിടത്തോളം അവരുടെ ജീവിതത്തിലെ സുപ്രധാനമായ ഒരു പ്രമാണമാണ്. ഇക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും അവർ തയാറായില്ല. നമ്മുടെയും ജീവിതത്തിൽ വേണ്ടത് ഇതുപോലെയൊരു മനോഭാവമാണ്. ആരോടും എപ്പോഴും എന്തിനെക്കുറിച്ചും ക്ഷമിക്കുവാനുള്ള മനോഭാവം. അപ്പോൾ മാത്രമേ തന്റെ ഘാതകർക്കുവേണ്ടി പ്രാർത്ഥിച്ച യേശുവിന്റെ യഥാർത്ഥ ശിഷ്യരായി നാം മാറൂ. അതു മാത്രമല്ല, അപ്പോൾ മാത്രമേ നമ്മുടെ ജീവിതത്തിൽ യഥാർത്ഥ സമാധാനമുണ്ടാകൂ.

ആമിഷ് കൂട്ടക്കൊലയിലേക്കു മടങ്ങിവരട്ടെ. എന്തിനായിരുന്നുവെന്നോ അയാൾ ആ കൊടുംക്രൂരത ചെയ്തത്. അയാൾ കുട്ടികൾക്കു നേരേ നിറയൊഴിക്കുന്നതിനു മുമ്പ് പറഞ്ഞതനുസരിച്ചു ദൈവത്തോടുള്ള ഒരു പ്രതികാരം ആയിരുന്നത്രെ അത്! അയാളുടെ ആദ്യകുട്ടി ഒരു പെൺകുഞ്ഞ് മാസം തികയാതെ ജനിച്ചയുടനെ മരിച്ചുപോയി. അങ്ങനെ സംഭവിച്ചതിനു പ്രതികാരമായി ദൈവത്തിന്റെ അരുമമക്കളായ കുറെ പെൺകുട്ടികളെ അയാൾ കൊലചെയ്യുകയായിരുന്നു!

അയാൾ പ്രതികാരം ചെയ്യുമ്പോൾ അതുവഴി ബലിയാടായി മാറിയ മേരി ഗ്രാബർ എന്ന പെൺകുട്ടി അയാൾക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടാണ് അന്നു വെടിയുണ്ടകളെ നേരിട്ടത്! അതായിരുന്നു അവളുടെ ശരിയായ പ്രതികാര നടപടി. അവളുടെയും ആമിഷ് ജനതയുടെയും ഈ മാതൃക ഒരിക്കലും നമുക്കു മറക്കാതിരിക്കാം. ❏

---

# അവിശ്വസനീയം ഈ മാനസാന്തരം

രണ്ടാം ലോകമഹായുദ്ധകാലത്തു പോളണ്ടിലെ ഔഷ്വിറ്റ്സ് കോൺസെൻട്രേഷൻ ക്യാമ്പിൽ നടന്ന കൊടുംക്രൂരതകൾക്കു ചുക്കാൻപിടിച്ച കശ്മലനായിരുന്നു ഡോൾഫ് ഹോസ് (1901-1947). 1940 മെയ് 1 മുതൽ 1943 നവംബർ 10 വരെ ഔഷ്വിറ്റ്സിലെ ക്യാമ്പിന്റെ ചുമതല വഹിച്ചിരുന്ന ഈ നാസിഭീകരൻ ഇരുപത്തിയഞ്ചു ലക്ഷം യഹൂദരെയാണു ആ കാലഘട്ടത്തിൽ കൊന്നൊടുക്കിയത്. അഡോൾഫ് ഹിറ്റ്ലറിന്റെയും അയാളുടെ വലംകൈയായിരുന്ന ഹെൻറിച്ച് ഹിംലറിന്റെയും ആജ്ഞകൾ വേദവാക്യം പോലെ കരുതിയാണ് ഹോസ് യഹൂദരെ കൊന്നൊടുക്കിയത്.



യുദ്ധം അവസാനിച്ചപ്പോൾ ഒളിവിൽ പോയ ഹോസ് ഒരു വർഷത്തിനകം പിടിക്കപ്പെട്ടു. 1946 ഏപ്രിലിൽ ന്യൂറൻ ബർഗിലെ മിലിട്ടറി ട്രൈബ്യൂണലിനാൽ വിസ്തരിക്കപ്പെട്ട അയാളെ അതിനുശേഷം പോളണ്ടിലെ അധികാരികൾക്കു വിട്ടുകൊടുത്തു. അവർ അയാളെ തൂക്കിക്കൊല്ലാൻ വിധിച്ചു.

എന്നാൽ, 1947 ഏപ്രിൽ 16 ന് അയാൾ തൂക്കിക്കൊല്ലപ്പെടുന്നതിനു മുമ്പായി അയാളുടെ ജീവിതത്തിൽ വലിയൊരു അത്ഭുതം സംഭവിക്കുകയുണ്ടായി. കോടതിയിൽ വിചാരണ നടന്ന അവസരങ്ങളിലൊക്കെ തന്റെ കുറ്റം സമ്മതിക്കുന്നതിന് അയാൾക്ക് അല്പം പോലും കൂസലില്ലായിരുന്നു. എന്നാൽ താൻ കുറ്റം ചെയ്തതു തന്റെ അധികാരികളുടെ ആജ്ഞ നടപ്പാക്കാൻവേണ്ടി മാത്രമായിരുന്നുവെന്ന് അയാൾ സ്വീകരിച്ച നിലപാട്, വിചാരണയുടെ അവസരത്തിൽ കാണാതിരുന്നതിൽ പലരും അത്ഭുതപ്പെടുകയുണ്ടായി.

ഹോസ് തൂക്കിക്കൊല്ലപ്പെടുന്നതിനു നാലു ദിവസം മുൻപ് അയാൾ പബ്ലിക് പ്രോസിക്യൂട്ടർക്ക് ഒരു കത്തെഴുതി. ആ കത്തിൽ തന്റെ കുറ്റങ്ങളുടെ ഉത്തരവാദിത്തം ഏറ്റെടുക്കുകയും അവയെക്കുറിച്ചു പശ്ചാത്തപിച്ചു മാപ്പപേക്ഷിക്കുകയും ദൈവം തന്നോട് ക്ഷമിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്തു.

അന്നുതന്നെ ഹോസ് തന്റെ ഭാര്യക്ക് ഒരു കത്തെഴുതി. തെറ്റായ ചിന്താഗതികളും ആദർശങ്ങളുമാണ് തന്നെ തന്റെ വിശ്വാസത്തിൽനിന്നും ദൈവത്തിൽനിന്നും അകറ്റിയതെന്നും എന്നാൽ ദൈവത്തിന്റെ കരുണയാൽ തനിക്കു ദൈവത്തിൽ വീണ്ടും വിശ്വാസം കണ്ടെത്തുവാൻ സാധിച്ചു എന്നും ആ കത്തിൽ അയാൾ എഴുതിയിരുന്നു.

അന്നുതന്നെ തന്റെ അഞ്ചു മക്കൾക്കുമായും അയാൾ ഒരു കത്തെഴുതുകയുണ്ടായി. ആ കത്തിലും തന്റെ തെറ്റ് ഏറ്റുപറഞ്ഞ അയാൾ തെറ്റിൽ വീഴാതിരിക്കാൻ മക്കൾ പ്രത്യേകം ശ്രദ്ധിക്കണമെന്നും അവരെ ഓർപ്പിക്കുകയുണ്ടായി.

അവിശ്വസനീയമാണു ഹോസിന്റെ മാനസാന്തര കഥ. ഇരുപത്തിയഞ്ചുലക്ഷത്തിലധികം പേരെ കൊന്നൊടുക്കിയ ഒരാൾക്കു മാനസാന്തരപ്പെടുവാൻ സാധിക്കുമോ എന്നു നാം ചോദിച്ചേക്കാം. എന്നാൽ, ഹോസിന്റെ കാര്യത്തിൽ അതാണ് സംഭവിച്ചത്.

ആര് എത്ര വലിയ കുറ്റം ചെയ്താലും ഹൃദയപൂർവം പശ്ചാത്തപിച്ചു മാപ്പപേക്ഷിക്കുന്നവരോടു ക്ഷമിക്കുന്നവനാണ് ദൈവം. ഹോസിന്റെ കഥ അതാണ് വ്യക്തമാക്കുന്നത്. ചെറുപ്പത്തിൽ നല്ല ദൈവവിശ്വാസമുള്ള ആളായിരുന്നു ഹോസ്. എന്നാൽ തെറ്റായ ചിന്താഗതികളിൽപ്പെട്ട് അയാളുടെ വിശ്വാസം നഷ്ടപ്പെട്ടു.

നരകഗർത്തത്തിൽ വീഴാൻ അർഹനായിരുന്നു ഹോസ്. എന്നാൽ ഏതു പാപിക്കും പശ്ചാത്തപിക്കുവാനുള്ള അവസരം ദൈവം നൽകുന്നതു പോലെ ഹോസിനും ദൈവം ആ അനുഗ്രഹം നൽകി. ഹോസ് അത് ചാടിപ്പിടിച്ചു. തന്മൂലമാണ് ദൈവത്തിന്റെ കരുണയിൽ ആശ്രയിച്ചു മരിക്കുവാൻ ഹോസിനു സാധിച്ചത്.

നമ്മുടെ പാപങ്ങൾ എന്തുമായിക്കൊള്ളട്ടെ. അവയെക്കുറിച്ചു നാം പശ്ചാത്തപിച്ചാൽ ദൈവം നമ്മോടു ക്ഷമിക്കുവാൻ കാത്തിരിക്കുകയാണെന്നതു നമുക്കു മറക്കാതിരിക്കാം. അതുപോലെ, ഒരു പാപം ചെയ്യാനിടയായാൽ എത്രയും വേഗം അനുതപിച്ചു ദൈവത്തിലേക്കു മടങ്ങിച്ചെല്ലാൻ നമുക്കു ശ്രദ്ധിക്കാം.

മുടിയനായ പുത്രനെ കാത്തിരിക്കുന്ന സ്നേഹസമ്പന്നനും ക്ഷമാനിധിയുമാണ് ദൈവം. അവിടുത്തെ മഹാകാരുണ്യത്തെക്കുറിച്ചു നമുക്കു നന്ദിയുള്ളവരായിരിക്കാം. അതുപോലെ പാപത്തിൽ വീഴാതിരിക്കാനുള്ള അനുഗ്രഹത്തിനായി നിരന്തരം നമുക്കു യാചിക്കുകയും ചെയ്യാം. ❏




## ഭാഗ്യം വന്ന വഴി



**കാ**ർത്തിക തിരുനാൾ മഹാരാജാവ് തിരവിതാംകൂർ ഭരിക്കുന്ന കാലം. ഒരു ദിവസം പ്രഭാതത്തിൽ കുളികഴിഞ്ഞ് പുറത്തേക്കു വന്ന മഹാരാജാവ് ഒരു കാഴ്ച കണ്ടു. ഏതോ ഒരുത്തൻ പോത്തുപോലെ കൂർക്കംവലിച്ചുറങ്ങുന്നു!

പ്രഭാതത്തിലെ 'കണി' മോശമായതിനാൽ മഹാരാജാവിന് ദേഷ്യം വന്നു. ആ ബാലനെ പിടിച്ച് തടവിലിടുവാൻ അദ്ദേഹം കൽപ്പിച്ചു. അങ്ങനെ ആ പാവം തടങ്കലിലായി.

നേരം പുലർന്നു. സിംഹാസനത്തിൽ വന്നിരുന്ന രാജാവിന്റെ അടുക്കലേക്ക് ഒരു സന്തോഷവാർത്തയുമായി ഒരു ഭടൻ അങ്ങോട്ടു കടന്നുവന്നു: "മഹാരാജൻ, പഞ്ചസാരച്ചാക്കുകൾ നിറച്ച ഒരു വിദേശക്കപ്പൽ നമ്മുടെ തുറമുഖത്ത് അടുത്തിരിക്കുന്നു!"

അക്കാലത്ത് വിദേശ കപ്പലുകൾ തിരുവിതാംകൂറിൽ വല്ലപ്പോഴുമേ വരാറുള്ളു. പഞ്ചസാര പോലെയുള്ള അപൂർവമായ വിഭവങ്ങൾ വന്നടുക്കുന്നത് സൗഭാഗ്യം തന്നെയായി മഹാരാജാവിന് തോന്നി. അപ്പോഴാണ് അദ്ദേഹം തന്റെ കണിയെക്കുറിച്ച് ഓർമിച്ചത്. ആ ബാലനെ കണി കണ്ടതുകൊണ്ടാണ് തന്റെ രാജ്യത്തിന് ഇത്ര നല്ലൊരു നേട്ടമുണ്ടായത് എന്ന് അദ്ദേഹത്തിനു തോന്നി.

വൈകിയില്ല, അവനെ മോചിപ്പിക്കാൻ ഉത്തരവായി. അവൻ മിടുക്കനും ബുദ്ധിമാനുമാണെന്ന് മനസ്സിലായപ്പോൾ അവനെ അദ്ദേഹം കൊട്ടാരത്തിലെ കണക്കെഴുത്തുകാരനായി നിയമിക്കുകയും ചെയ്തു.


രാജാ കേശവദാസൻ എന്ന പേരിൽ പിൽക്കാലത്ത് പ്രസിദ്ധനായിത്തീർന്ന മഹാനായിരുന്നു അന്ന് കൊട്ടാരത്തിൽ ഉറങ്ങിപ്പോയ കുറ്റത്തിന് തടവിലായ ആ ബാലൻ.

## ഭൂമിയും ബഹിരാകാശവും



ഭൂമിയുടെ ഗുരുത്വാകർഷണ ബലമാണ് നമ്മെയൊക്കെ നിൽക്കാനും നടക്കാനുമൊക്കെ സഹായിക്കുന്നത് എന്ന് അറിയാമല്ലോ! ഈ ബലം ഇല്ലാത്ത ഒരവസ്ഥയിൽ എന്തൊക്കെ ഗുലുമാലുകൾ ഉണ്ടാവുമെന്ന് ഓർത്തു നോക്കിയിട്ടുണ്ടോ? നിൽക്കാൻ പോയിട്ട് ഇരിക്കാനോ കിടക്കാനോ പോലും പറ്റാതെ ഒഴുകി നടക്കാൻ മാത്രമേ സ്പെയ്സിൽ സാധിക്കൂ. ഭൂമിയെ ചുറ്റുന്ന ബഹിരാകാശ ഗവേഷണശാലയായ ഇന്റർനാഷണൽ സ്പെയ്സ് സ്റ്റേഷനിൽ നിന്നുള്ള ചിത്രങ്ങൾ നോക്കിയാൽ ഇതേപ്പറ്റി ഒരു ഐഡിയ കിട്ടും.

- ❖ വെള്ളം ഗ്ലാസ്സിൽ കുടിക്കാൻ ആവില്ല. പായ്ക്കറ്റിലുള്ള വെള്ളം വലിച്ചു കുടിക്കാനേ പറ്റൂ.
- ❖ പേന കൊണ്ട് എഴുതിക്കൂടാ, മഷി പുറത്തേക്ക് വരില്ല.
- ❖ പല്ലുതേച്ചാൽ തുപ്പരുത്. വിഴുങ്ങണം. ഇതിനു പറ്റിയതരം പേസ്റ്റുകൾ ഉണ്ട്.
- ❖ വായു ഇല്ലാത്ത കാരണം ചൂളമടിക്കാൻ പറ്റില്ല.
- ❖ സോഡ ഇവിടെ നുരയില്ല.




കണക്കിലെ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ പല ആപ്പുകളും സൈറ്റുകളുമുണ്ട്. എന്നാൽ മിക്കതും ഉത്തരം എങ്ങനെ കിട്ടി എന്ന് പറഞ്ഞുതരില്ല. എന്നാൽ അങ്ങനെ പറഞ്ഞു തരുന്ന ഒരു സൈറ്റുണ്ട്. അതാണ് wolframalpha.com.

ഈ സൈറ്റ് സന്ദർശിച്ച് അവിടെയുള്ള കളത്തിൽ ഏതെങ്കിലുമൊരു സമവാക്യം കൊടുത്തുനോക്കൂ, ഉത്തരം കിട്ടും. ഉദാഹരണത്തിന് $x + 5 = 7$ എന്നു കൊടുത്താൽ അതിന്റെ ഗ്രാഫും $x=2$ എന്ന ഉത്തരവും കിട്ടും. ഇതിനുനേരെയുള്ള step-bystep solution എന്ന ബട്ടൺ ക്ലിക്ക് ചെയ്താൽ ഉത്തരം എങ്ങനെ കിട്ടി എന്നു കാണാം.

കണക്കിന്റെ ഭാഷ മാത്രമല്ല, മനുഷ്യന്റെ ഭാഷയും ഈ സൈറ്റിന് മനസ്സിലാകും. ഉദാഹരണത്തിന്, is 10 a prime number? എന്ന ചോദ്യം കൊടുത്താൽ 10 is not a prime number എന്ന് ഉത്തരം കിട്ടും.

## അമ്മ അറിയാൻ



വിവാഹ വാഗ്ദാനം കൊടുത്ത് പെൺകുട്ടിയെ കബളിപ്പിച്ചു, അവൾ ഗർഭിണിയായി. ഇത് ഒരുതരം കൈമാറ്റക്കച്ചവടം (Barter) ആണ്. അവൻ പെണ്ണിനു കൊടുത്തത് വാക്ക് എന്ന ദാനം. അവൾ പകരം നൽകിയതോ? അവളുടെ വിലയേറിയ ശരീരം! പൊന്നുപോലെ കാത്തുസൂക്ഷിക്കേണ്ട ചാരിത്ര്യശുദ്ധി. ഇതൊരു കള്ള ക്കൈമാറ്റക്കച്ചവടമാണ്. ഇതിലെ ചതിക്കുഴി മനസിലാക്കാൻ പ്രബുദ്ധ കേരളത്തിലെ പെൺകുട്ടികൾ ഇനിയും വളർന്നിട്ടില്ലേ? വിവേകം നേടിയിട്ടില്ലേ?

വളരാത്തവർ - വിവേകം നേടാത്തവർ - ശരിക്കും പറഞ്ഞാൽ അമ്മമാരാണ്. ശുദ്ധത വിലപ്പെട്ട നിധിയാണെന്നുള്ള സത്യം മകൾക്ക് പറഞ്ഞു കൊടുക്കേണ്ടത് അമ്മതന്നെയാണ്. കല്യാണം കഴിച്ചോളാം എന്ന് ഏതോ ഒരു ചേട്ടൻ പറഞ്ഞാലുടനെ തെല്ലും കൂസലില്ലാതെ ശരീരവും മനസും കാഴ്ചവയ്ക്കാനും അതു തുടരെ ആവർത്തിക്കാനും ഒരു പെൺകുട്ടി കാണിക്കുന്ന സങ്കോചമില്ലായ്മയുടെ പ്രഥമ ഉത്തരവാദിത്വം അവളുടെ അമ്മയ്ക്കുതന്നെ. കൂടെ കഴിയുന്ന മകളുടെ വയർ വലുതാകുന്നതുപോലും കാണാതെപോകുന്ന മാതാക്കളെപ്പറ്റി എന്തു പറയാൻ!

മകളുടെ വിവിഹത്തിന് പൊന്നും പണവും പട്ടും കൈയിൽ നൽകി അയയ്ക്കാൻ തത്രപ്പെടുന്ന മാതാപിതാക്കളോട് ഒരു ചോദ്യം. ഭർത്താവിനു കൊടുക്കാൻ ഏറ്റവും വിലപ്പെട്ട സമ്മാനം കൈയിൽ കരുതിയാണോ അവൾ വിവാഹവേദിയിൽ കാലെടുത്തുവയ്ക്കുന്നത്? ഉണരൂ, അമ്മമാരേ, ജാഗരൂകരാകൂ.




നമുക്കറിയാവുന്ന എല്ലാത്തിനും ഓരോ ദിവസവും മാറ്റം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. അത് കമ്പ്യൂട്ടറായാലും മൊബൈലായാലും വസ്ത്രങ്ങളായാലും പുതിയ പുതിയ മോഡലുകൾ എപ്പോഴും പുറത്തിറങ്ങിക്കൊണ്ടിരിക്കും. വാക്കുകളുടെ കാര്യത്തിലുമുണ്ട് ഈ മാറ്റം. പുതിയ കാലത്തിനനുസരിച്ച് കുറെ പുതിയ വാക്കുകളും ഉണ്ടായിട്ടുണ്ട്. അത്തരം ചില ന്യൂജൻ വാക്കുകൾ പരിചയപ്പെട്ടോളൂ....

### ERRORIST

വീണ്ടും വീണ്ടും തെറ്റു ചെയ്തുകൊണ്ടിരിക്കുന്നവരെയാണ് എററിസ്റ്റുകൾ എന്നു വിളിക്കുന്നത്.

### TEXTPECTATION

വാട്സ് ആപ്പിലും ഫേസ്ബുക്കിലുമെല്ലാം കൂട്ടുകാർക്ക് മെസേജ് അയച്ചതിനു ശേഷം മറുപടിക്കുവേണ്ടി കാത്തിരിക്കാറില്ലേ. മറുപടി മെസേജ് ഇപ്പോൾ വരും, ഇപ്പോൾ വരും എന്നു കരുതിയുള്ള ഈ കാത്തിരിപ്പിനെയാണ് ടെക്സ്റ്റ്പെക്റ്റേഷൻ എന്നു വിളിക്കുന്നത്.

### YOUNIVERSE

ഒരാൾക്ക് അയാളെക്കുറിച്ചു മാത്രമേ ചിന്തയുള്ളൂവെങ്കിൽ അയാളെ youniverse എന്നു വിളിക്കാം. അതായത് അയാൾ മാത്രമാണ് അയാളുടെ ലോകം.

### CELLFISH

എപ്പോഴും ഫോണിൽ സംസാരിച്ചുകൊണ്ടിരിക്കുന്നവരെ കണ്ടിട്ടില്ലേ? ചുറ്റുവട്ടത്തുള്ളവരെയൊന്നും മൈന്റ് ചെയ്യാത്ത ഇത്തരക്കാരെയാണ് സെൽഫിഷുകൾ എന്നു വിളിക്കുന്നത്.

### COLUMBUSING

നിലവിലുള്ള ഒന്ന് കണ്ടുപിടിച്ചെന്ന് അവകാശവാദമുന്നയിക്കുന്നതിനെയാണ് കൊളംബസിംങ് എന്നു പറയുന്നത്. കൊളംബസ് അമേരിക്ക കണ്ടുപിടിച്ചതുപോലെ.

### NONVERSATION

ചിലർ ഒരു കാര്യവുമില്ലാതെ വെറുതേ ആരോടെങ്കിലും സംസാരിച്ചുകൊണ്ടിരിക്കാറില്ലേ. ഇത്തരം വർത്തമാനമാണ് നോൺവെർസേഷൻ.


### INTERNEST

എപ്പോഴും ഇന്റർനെറ്റിൽ എന്തെങ്കിലും തിരഞ്ഞുകൊണ്ടിരിക്കുന്നവരെയാണ് ഇന്റർനെസ്റ്റ് എന്നു പറയുന്നത്. മറ്റൊന്നിനെക്കുറിച്ചും ബോധവാന്മാരല്ലാതെ ഇന്റർനെറ്റിന്റെ ലോകത്ത് ഒരു കൂട്ടിൽ എന്നതുപോലെ സുഖമായിരിക്കുന്നതാണ് ഈ അവസ്ഥ.



# കന്നട്ടയുടെ പുത്രിമാർ





## ജീവവചനം 4

ടി.എം. വർഗ്ഗീസ് ഓതറ

യഹോവയുടെ സന്നിധിയിൽ വരുമ്പോൾ വെറും കയ്യായി വരരുതെന്ന് രേഖപ്പെടുത്തിയിരിക്കുന്നു (ആവ. 16:16). താഴെ ഉദ്ധരിക്കുന്ന ചില വേദവാക്യങ്ങൾ ശ്രദ്ധിക്കുക. "യഹോവയ്ക്കു അവന്റെ നാമത്തിന്റെ മഹത്വം കൊടുപ്പിൻ; കാഴ്ചയുമായി അവന്റെ സന്നിധിയിൽ ചെല്ലുവിൻ; വിശുദ്ധഭൂഷണം ധരിച്ചുകൊണ്ട് യഹോവയെ നമസ്ക്കരിപ്പിൻ' (1 ദിന. 16:29).

ദൈവപുത്രന്മാരേ, യഹോവയ്ക്കു കൊടുപ്പിൻ, യഹോവയ്ക്കു മഹത്വവും ശക്തിയും കൊടുപ്പിൻ. യഹോവയ്ക്കു അവന്റെ നാമത്തിന്റെ മഹത്വം കൊടുപ്പിൻ; വിശുദ്ധാലങ്കാരം ധരിച്ചു യഹോവയെ നമസ്ക്കരിപ്പിൻ (സങ്കീ. 29:1–2). ദൈവസന്നിധിയിൽ ആരാധിപ്പാൻ കടന്നുവരുമ്പോൾ നമ്മുടെ അധരാർപ്പണമായ സ്തുതിയും സ്തോത്രവും ബഹുമാനവും പുകഴ്ചയും അർപ്പിച്ചുകൊണ്ട് ആരാധിക്കണം. സ്തോത്രം അർപ്പിക്കുന്നത് ദൈവസന്നിധിയിൽ യാഗമായിട്ടാണ് പറഞ്ഞിരിക്കുന്നത്.

'ദൈവത്തിനു സ്തോത്രയാഗം അർപ്പിക്ക...' (സങ്കീ. 50:14).

'സ്തോത്രമെന്ന യാഗം അർപ്പിക്കുന്നവൻ എന്നെ മഹത്വപ്പെടുത്തുന്നു' (സങ്കീ. 50:23).


'ഞാൻ നിനക്കു സ്തോത്രയാഗം കഴിച്ചു യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും' (സങ്കീ. 116:17).

'അതുകൊണ്ടു അവൻ മുഖാന്തരം നാം ദൈവത്തിനു അവന്റെ നാമത്തെ ഏറ്റുപറയുന്ന അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുക' (എബ്രാ. 13:15).

പാട്ടോടെ ദൈവത്തിന്റെ നാമത്തെ സ്തുതിക്കുന്നതും, സ്തോത്രത്തോടെ ദൈവത്തെ മഹത്വപ്പെടുത്തുന്നതും കാളയെക്കാളും കൊമ്പും കുളമ്പുമുള്ള മൂരിയെക്കാളും ദൈവത്തിനു പ്രസാദകരമാണെന്ന് പറഞ്ഞിരിക്കുന്നു (സങ്കീ. 69:30–31).

അനേകം ആരാധനാലയങ്ങളിൽ ദൈവത്തിനു മഹത്വം കൊടുക്കുന്ന സ്തുതിയും സ്തോത്രസ്വരവും ആരാധനക്കാരിൽ നിന്നും കേൾക്കാറില്ല; അഥവാ ഒരാൾ ഉറക്കെ സ്തോത്രം പറഞ്ഞാൽ എല്ലാവരുടെയും കണ്ണ് ആ വ്യക്തിമേൽ പതിയും. സ്തോത്രം പറയുന്നവൻ (പറയുന്നവൾ) എന്ന് പേരിടുകയും ചെയ്യും.





ആരാധനയിൽ തൃപ്തി പ്രാപിക്കാത്തതിന്റെ മറ്റൊരു പ്രധാന കാരണം ദൈവത്തിനു കൊടുക്കേണ്ട ആരാധനയും മഹത്വവും വിഗ്രഹങ്ങൾക്കും പുണ്യവാളന്മാർക്കും കൊടുക്കുന്നതിനാലാണ്. യേശു ശമര്യാക്കാരി സ്ത്രീയോടു പറഞ്ഞത്, ദൈവം ആത്മാവാകുന്നു, അവനെ നമസ്ക്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കേണം എന്നാണല്ലോ? ആത്മാവിനു ഒന്നിന്റെയും രൂപമോ, സാദൃശ്യമോ ഇല്ലാത്തതിനാൽ, ആത്മാവാം ദൈവത്തെ, മനുഷ്യൻ, പക്ഷി, നാല്ക്കാലി, ഇഴജാതി എന്നിവയുടെ രൂപസാദൃശ്യമായി വാർത്തുണ്ടാക്കി അവയുടെ മുമ്പിൽ വണങ്ങുകയും നമസ്ക്കരിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ സത്യം അവർ വ്യാജമാക്കി മാറ്റിക്കളഞ്ഞു; സൃഷ്ടിച്ചവനെക്കാൾ സൃഷ്ടിയെ ഭജിച്ചു ആരാധിച്ചു (റോമ. 1:23–25). ദൈവത്തിന്റെ അതിപ്രധാന കല്പനയാണ് 'ഒരു വിഗ്രഹം ഉണ്ടാക്കരുത്; മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു മീതെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെ പ്രതിമയും അരുത്. അവയെ നമസ്ക്കരിക്കയോ സേവിക്കയോ ചെയ്യരുത് (പുറ. 20:4–5; ആവ. 5:8–9).

ആത്മാവാം ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്നവർ തൃപ്തരായ്ത്തീരും. ദൈവത്തിനു അർഹിക്കുന്ന മാനവും മഹത്വവും സ്തുതിയും സ്തോത്രവും അർപ്പിച്ച് ആരാധിക്കുമ്പോൾ, അവൻ നിന്റെ യൗവ്വനം കഴുകനെപ്പോലെ പുതുകിവരത്തക്കവണ്ണം അവൻ നിന്റെ വായ്ക്കു നന്മകൊണ്ട് തൃപ്തിവരുത്തുന്നു (സങ്കീ. 103:5).

'യഹോവയുടെ ആലയത്തിൽ നടുതലയായവർ നമ്മുടെ ദൈവത്തിന്റെ പ്രാകാരങ്ങളിൽ തഴെക്കും. വാർദ്ധക്യത്തിലും അവർ ഫലം കായിച്ചുകൊണ്ടിരിക്കും; അവർ പുഷ്ടിവെച്ചും പച്ചപിടിച്ചും ഇരിക്കും' (സങ്കീ. 92:13–14).

**മേത്തരമായ കോതമ്പുകൊണ്ടും പാറയിൽ നിന്നുള്ള തേൻകൊണ്ടും തൃപ്തി വരുത്തുന്ന ദൈവം.**

'അവൻ മേത്തരമായ കോതമ്പുകൊണ്ടു അവരെ പോഷിപ്പിക്കുമായിരുന്നു; ഞാൻ പാറയിൽനിന്നുള്ള തേൻകൊണ്ടു നിനക്കു തൃപ്തി വരുത്തുമായിരുന്നു' (സങ്കീ. 81:16).

ഫറവോന്റെ അടിമത്വത്തിൽ നിന്നും വിടുവിച്ച തന്റെ ജനത്തിനു ദൈവം മരുഭൂമിയിൽ നീണ്ട നാല്പതു വർഷക്കാലം മന്നാ വർഷിപ്പിച്ചു കൊടുത്തു പോറ്റി. ഈ മന്നയെപ്പറ്റി പറഞ്ഞിരിക്കുന്നത്:

ആകാശത്തു നിന്നും വർഷിപ്പിച്ച അപ്പം (പുറ. 16:4)
തേൻ കൂട്ടിയ ദോശയോടൊത്ത രുചിയുള്ളത് (പുറ. 16:31)
യഹോവയുടെ മന്നാ (നെഹ. 9:20)
സ്വർഗ്ഗീയ ധാന്യം (സങ്കീ. 78:24)
ശക്തിമാന്മാരുടെ അപ്പം (സങ്കീ. 78:25)

മുകളിൽ ഉദ്ധരിച്ച വേദവാക്യത്തിൽ മേത്തരമായ കോതമ്പ് എന്നുള്ളത് കർത്താവായ യേശുക്രിസ്തുവിനെയും, ദൈവവചനത്തെയും കുറിച്ചാകുന്നു എന്ന് തിരുവചനം പഠിക്കുമ്പോൾ മനസ്സിലാകും. യേശു പറഞ്ഞതും പഠിപ്പിച്ചതുമായ അനേകം ആത്മീയ മർമ്മങ്ങൾ അന്നും ഇന്നും അനേകർ വേണ്ടവണ്ണം ഗ്രഹിക്കാതെ ഇരിക്കുന്നു. യേശു പറഞ്ഞു: ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: കോതമ്പുമണി നിലത്തുവീണു ചാകുന്നില്ല എങ്കിൽ അതു തനിയേ ഇരിക്കും; ചത്തു എങ്കിലോ വളരെ വിളവുണ്ടാകും (യോഹ. 12:24). ഇത് യേശുവിന്റെ മരണത്തെക്കുറിച്ചും തന്റെ മരണം മൂലം ഉണ്ടാകുന്ന ഫലം അഥവാ കോതമ്പുമണികളെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരുന്ന വചനമാകുന്ന വിത്ത് (കോതമ്പുമണി), പരിശുദ്ധാത്മാവിൽ ജഡം എടുത്ത് (വചനം ജഡമായിത്തീർന്നവൻ) കാൽവറിയിൽ തകർക്കപ്പെട്ട്, നുറുങ്ങി–പൊടിഞ്ഞ്, ദൈവത്തിന്റെ ക്രോധാഗ്നിയിൽ വെന്ത് അപ്പമായിത്തീർന്ന ജീവന്റെ അപ്പമാണ് കർത്താവായ യേശുക്രിസ്തു. ഈ അപ്പത്തെക്കുറിച്ചാണ് യേശു പറഞ്ഞത്: ഞാൻ ജീവന്റെ അപ്പം ആകുന്നു. നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്നാ തിന്നിട്ടും മരിച്ചുവല്ലോ? ഇതോ തിന്നുന്നവൻ മരിക്കാതിരിക്കേണ്ടതിനു സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങുന്ന അപ്പം ആകുന്നു. സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിയ ജീവനുള്ള അപ്പം ഞാൻ ആകുന്നു. ഈ അപ്പം തിന്നുന്നവൻ എല്ലാം എന്നേക്കും ജീവിക്കും.... (യോഹ. 6:48–51). യേശു പറഞ്ഞ ഈ മർമ്മം യഹൂദന്മാർക്കു മാത്രമല്ല അവന്റെ ശിഷ്യന്മാർക്കുപോലും ഗ്രഹിക്കുവാൻ കഴിഞ്ഞില്ല എന്നു കാണുന്നു. ജീവന്റെ അപ്പമാകുന്ന ക്രിസ്തുവിനെ ഭക്ഷിക്കുന്നവർ തൃപ്തി പ്രാപിക്ക മാത്രമല്ല എന്നേക്കും ജീവിക്കും അഥവാ നിത്യജീവൻ പ്രാപിക്കും എന്ന് യേശുതന്നേ പറഞ്ഞിരിക്കുന്നു (6:54, 58). (തുടരും)



# ക്രിസ്തീയതയും പോരാട്ടവും 10

**സങ്കല്പങ്ങൾ, വിചാരങ്ങൾ** (Arguments & Pretensions)

മനസ്സാണ് സങ്കല്പത്തിന്റെ കളരി എന്നറിയപ്പെടുന്നത്. ഏതൊരു പ്രവൃത്തിയുടെ മുമ്പിലും അതിന്റെ രൂപരേഖ മനസ്സിൽ തയ്യാറാകും. മാത്രമല്ല മനസ്സിലാണ് ആദ്യം യുദ്ധം അരങ്ങേറുന്നത്. അവിടെ ഉണ്ടാകുന്ന വിജയമാണ് പ്രവർത്തനങ്ങളായി പരിണമിക്കുന്നത്.

ദാവീദിന്റെ ജീവിതത്തിൽ പാപത്തിൽ (വ്യഭിചാരം) വീണുപോയ സന്ദർഭം കടന്നുവന്നു. കാരണം നാളുകൾക്കു മുൻപേ നോക്കാൻ പാടില്ലാത്ത സ്ഥലത്ത് തന്റെ നോട്ടം പതറിപ്പോയി എന്നുള്ളതാണ്. അരുതാത്ത ചിന്തകൾ തന്റെ മനസ്സിൽ കടന്നുവന്നപ്പോൾ ആ ചിന്തകളെ പിടിച്ചടക്കേണ്ടതിനു പകരം അവയെ താലോലിച്ചു. തൽഫലമായി പാപത്തിനു താൻ വശംവദനായി. സാത്താൻ തന്റെ കണ്ണിനെ കുരുടാക്കിക്കളഞ്ഞു. അതിന്റെ തിക്തഫലങ്ങൾ അനുഭവിച്ചു തീരും മുമ്പേ യിസ്രായേലിനു വിരോധമായി എഴുന്നേറ്റ് ജനത്തെ എണ്ണുവാനുള്ള അഹന്ത തന്നിൽ രൂപം കൊണ്ടു. അങ്ങനെ ചെയ്ത് ദൈവത്തിൽ നിന്നുള്ള ശിക്ഷയും ഏറ്റുവാങ്ങി.

യുദ്ധത്തിന്റെ കേന്ദ്രബിന്ദു നമ്മുടെ മനസ്സാകുന്നു. അതുകൊണ്ടുതന്നെ യുദ്ധം അതികഠിനമായി നടക്കുന്നതും "മനസ്സിൽ" ആകുന്നു. അവിടെ ജയിക്കുകയാണെങ്കിൽ ജീവിതത്തിൽ ജയം വരിക്കുവാൻ നിഷ്പ്രയാസം സാധിക്കും. മനസ്സിനെ പിടിച്ചടക്കുന്നവൻ പട്ടണത്തെ ജയിക്കുവാൻ തക്ക ബലമുള്ളവനാണ്.

എങ്ങനെയാണ് മനസ്സിനെ ജയിക്കുന്നത്? മനസ്സിലുയരുന്ന കോട്ടകളെ ഇടിച്ചു കളഞ്ഞാലേ അതു സാധ്യമാകൂ. പൗലൊസ് അതു വ്യക്തമായി മനസിലാക്കിയിരുന്നു:

ഞങ്ങളുടെ പോരിന്റെ ആയുധങ്ങൾ ജഡികങ്ങൾ അല്ല; കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവ തന്നേ (2 കൊരി. 10:4). ഈ കോട്ടകൾ എന്നതുകൊണ്ട് അർഥമാക്കുന്നത് പിശാച് നമ്മുടെ ഉള്ളിൽ ഉയർത്തുന്ന അപ്രിയചിന്തകളുടെ കൊച്ചുകൊച്ചു മതിൽക്കെട്ടുകളാണ്. ചിലതിനോടൊക്കെയുള്ള ഒരു മനോഭാവം, ആർത്തി, ആസക്തി, ആഗ്രഹങ്ങൾ ചിലതിനെക്കുറിച്ചുള്ള ഒരു മുൻവിധി ഇവ ഒരു കോട്ടപോലെ ഉയർന്ന് മനസ്സിൽ വലിയ തടസ്സം സൃഷ്ടിക്കും. പിന്നീട് ആര്, എന്തെല്ലാം പറഞ്ഞാലും നമ്മുടെയുള്ളിൽ ഉയർന്നു നിൽക്കുന്ന കോട്ടയ്ക്കു വെളിയിൽ മാത്രമേ അവയ്ക്കെല്ലാം സ്ഥാനമുള്ളു. ഒരുപക്ഷേ വളരെ പ്രസംഗിക്കും, കൂട്ടായ്മയ്ക്കും ആരാധനയ്ക്കും എല്ലാം മുമ്പിൽ ഉണ്ടാകും. എന്നാൽ ഈ കൊച്ചു കോട്ടയ്ക്കകത്ത് ഒരു ചിന്താഗതി ഇരിപ്പുണ്ട്. ആ ചിന്താഗതി വിട്ട് ഒരിക്കലും അപ്പുറത്തേക്ക് പോകയില്ല. അത് പിശാച് വളരെ നാളുകളായി നമ്മുടെയുള്ളിൽ സ്ഥാപിച്ചിരിക്കയാണ്.

തെക്കേ ആഫ്രിക്കയിൽ വർണവിവേചനം കൊടികുത്തി വാഴുകയായിരുന്നുവല്ലോ. നെൽസൺ മണ്ടേല അത് ഇല്ലായ്മ ചെയ്യുന്നതുവരെ ജനങ്ങൾ പലരും കരുതിയിരുന്നത് ഈ വർണ്ണ വിവേചനം ദൈവികമാണെന്നാണ്. അത് അവരുടെ ഉള്ളിൽ കോട്ടകെട്ടിയിരിക്കുകയായിരുന്നു!

നമ്മുടെ ജീവിതത്തിലും പിശാച് ഈ രീതിയിൽ ഉള്ള അനേകം കോട്ടകൾ കെട്ടി ഉയർത്തിയിട്ടുണ്ട്. എന്നാൽ അവയെപ്പറ്റി നാം ജാഗ്രതയുള്ളവരായിരിക്കേണം എന്നാണ് ദൈവവചനം നമ്മെ ഓർമിപ്പിക്കുന്നത്. പിശാച് നമ്മുടെ മനസ്സിൽ കോട്ടകെട്ടുവാൻ അനുവദിക്കരുത്. ഈ മേഖലയിൽ നമുക്കൊരു രൂപാന്തരം ആവശ്യമാകുന്നു. പൗലൊസ് പറയുന്നത് ഈ കോട്ടകളെ ഇടിച്ചുകളയണം എന്നത്രേ. കോട്ടകളെ ഇടിച്ചു കളയണം എന്നു പറഞ്ഞാൽ ചില വ്യത്യാസങ്ങൾ വരുത്തിയാൽ പോരാ, നാമാവശേഷമാക്കിക്കളയണം. "എന്റെ വചനം തീ പോലെയും പാറയെ തകർക്കുന്ന ചുറ്റിക പോലെയും അത്രേ" (യിരെ. 23:29). ദൈവവചനം എന്ന ചുറ്റിക കൊണ്ട് കോട്ടകളെ ഇടിച്ചു തകർക്കണം. ദൈവത്തിന്റെ വചനം നമ്മുടെ ഉള്ളിൽ ആഴത്തിൽ പതിയണം. നമ്മുടെ ചിന്തകളും വിചാരങ്ങളും അതിൽ മുഴുകുവാൻ അനുവദിക്കണം. അതാണ് ദൈവം നമ്മളെക്കുറിച്ച് ആഗ്രഹിക്കുന്നത്. (തുടരും)

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# മാതൃകാ പ്രാർത്ഥന

## വേദപുസ്തകപഠനം



**"സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,**
**നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ,**
**നിന്റെ രാജ്യം വരേണമേ,**
**നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലേപോലെ**
**ഭൂമിയിലും ആകേണമേ.**
**ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നു തരേണമേ,**
**ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ,**
**ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ.**
**ഞങ്ങളെ പരീക്ഷയിൽ കടത്തരുതേ,**
**ദുഷ്ടങ്കൽനിന്നു ഞങ്ങളെ വിടുവിക്കേണമേ.**
**രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതല്ലോ.**
**മത്താ. 6:9–13; ലൂക്കോ. 11:2–4**

**യെ**ഹൂദ റബ്ബിമാർ തങ്ങളുടെ വിദ്യാർത്ഥികളെ പ്രാർത്ഥിപ്പാൻ പഠിപ്പിക്കുക പതിവായിരുന്നു. യേശുവിന്റെ ശിഷ്യന്മാർ അവനോട്, "കർത്താവേ, യോഹന്നാൻ തന്റെ ശിഷ്യന്മാരെ പ്രാർത്ഥിപ്പാൻ പഠിപ്പിച്ചതുപോലെ, ഞങ്ങളെയും പ്രാർത്ഥിപ്പാൻ പഠിപ്പിക്കേണമേ" എന്നു പറഞ്ഞു (ലൂക്കൊ. 11:1).

യേശു അവരെ പഠിപ്പിച്ച പ്രാർത്ഥനയെ (ലൂക്കൊ. 11:2–4) പലപ്പോഴും വിളിക്കുന്നത് "കർത്താവിന്റെ പ്രാർത്ഥന" എന്നാണ്. "ശിഷ്യന്മാരുടെ പ്രാർത്ഥന" എന്നു വിളിക്കുന്നത് കൂടുതൽ ശരിയായിരിക്കും! കർത്താവിന്റെ വ്യക്തിപരമായ പ്രാർത്ഥനകൾ പോലെയായിരുന്നില്ല അത്, മറിച്ച് ശിഷ്യന്മാരുടെ പ്രയോജനത്തിനുവേണ്ടി നൽകിയതായിരുന്നു (26:36–46; യോഹ. 17:1–26). അതിനെ "മാതൃകാ പ്രാർത്ഥന" എന്നു വിളിച്ചാലും തെറ്റില്ല, കാരണം എങ്ങനെ പ്രാർത്ഥിക്കണം എന്നതിനുള്ള അടിസ്ഥാന മാതൃകയായിരുന്നു യേശു നൽകിയത്. ആ മാതൃകാ പ്രാർത്ഥന ചുരുക്കവും, ലളിതവും, ഉയർന്നതുമായിരുന്നു.

**വാക്യം 9. "സ്വർഗ്ഗസ്ഥനായ ദൈവത്തെ പിതാവായി"** സംബോധന ചെയ്തിട്ടാണ് യേശു പ്രാർത്ഥന ആരംഭിക്കുന്നത്. "എന്റെ പിതാവേ" എന്നു പറയാമായിരുന്നിട്ടും യേശു അങ്ങനെ പറഞ്ഞില്ല. "ഞങ്ങളുടെ പിതാവേ" എന്നാണ് പറഞ്ഞത്. ഒരു പ്രത്യേക രീതിയിൽ യേശു ദൈവത്തിന്റെ പുത്രനായിരുന്നു (യോഹ. 3:16), എന്നാൽ ശിഷ്യന്മാർ ആത്മീയമായി ദൈവമക്കളാണ് (യോഹ. 1:11–13). താൻ ദൈവത്തോട് ഇടപെട്ട അതേ അടുപ്പത്തിൽ ദൈവത്തോട് ഇടപെടുവാനായിരുന്നു യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചത്. "അബ്ബാ പിതാവേ! എന്നു വിളിക്കുവാനുള്ള" പുത്രന്റെ ആത്മാവിനെയാണ് അവരിൽ നൽകിയതെന്ന് റോമയിലുള്ള സഹോദരന്മാരോട് പൗലൊസ് പറഞ്ഞു (റോമ. 8:15). ഒരു കുട്ടി തന്റെ അപ്പനെ വിളിക്കുന്ന അരാമിക് വാക്കാണ് "അബ്ബാ." അത് "അപ്പൻ" എന്നതിനേക്കാൾ കൂടുതൽ അടുപ്പമുള്ളതുമാണ്.

മുഖ്യവിഷയമല്ലെങ്കിലും, ദൈവം പിതാവാണ് എന്ന ആശയം പഴയനിയമത്തിൽ കാണാം (പുറ. 4:22; ആവ. 8:5; 14:1; 32:6; സങ്കീ. 2:7; 103:13; യെശ. 63:16; 64:8; യിരെ. 3:4, 19; ഹോശെ. 11:1–4; മലാ. 2;10). രണ്ട് നിയമങ്ങൾക്കിടയിലെ കാലയളവിൽ, യെഹൂദ സാഹിത്യത്തിലെ പ്രാർത്ഥനയിൽ ദൈവത്തെ പിതാവായി സംബോധന ചെയ്തിരുന്നു എന്നതു താൽപര്യം ജനിപ്പിക്കുന്നതാണ്. എങ്ങനെയായാലും, ദൈവം പിതാവാണെന്ന ആശയം, യേശു തന്റെ ശുശ്രൂഷയിൽ കൂടുതൽ വ്യാപിപ്പിക്കുകയുണ്ടായി.

**"ദൈവനാമം വിശുദ്ധീകരിക്കപ്പെടേണമേ"** എന്ന് യേശു പറഞ്ഞു. സങ്കീർത്തനക്കാരൻ എഴുതി, "അവന്റെ നാമം വിശുദ്ധവും ഭയങ്കരവും ആകുന്നു" (സങ്കീ. 111:9). അവിടെ കെ. ജെ. വി. പറയന്നത്, "അവന്റെ നാമം ആദരണിയവും വിശുദ്ധവുമാകുന്നു" എന്നാണ്. "റവറന്റ്" എന്നത് ദൈവത്തിന്റെ നാമമോ പേരോ അല്ല, അത് ദൈവത്തിന്റെ പേരിന്റെ വിശേഷണമാകുന്നു. അവന്റെ നാമം ബഹുമാനിക്കയും ആദരിക്കയും ചെയ്യേണ്ടതാണ് (പുറ. 20:7 നോക്കുക).

"ഹലൗഡ്" എന്നത് ഹാഗിയാസോ എന്നതിന്റെ ആർകേയിക് തർജിമയാണ്, അതിനർത്ഥം, "വിശുദ്ധമാക്കുക" എന്നാണ്. വാസ്തവത്തിൽ ദൈവത്തിന്റെ നാമം വിശുദ്ധമാക്കുന്നത്, അവനെ ആദരിക്കയും മഹത്വപ്പെടുത്തുകയും, അനുസരിക്കുകയും ചെയ്തുകൊണ്ടാണ് (5:16; 7:21; 1 കൊരി. 10:31). "ഹലൗഡ്" എന്ന വാക്കുമായി ബന്ധപ്പെട്ട മറ്റു വാക്കുകളാണ്, "സെയിന്റ്", "സാങ്റ്റിഫൈ", "സാങ്റ്റിഫിക്കേഷൻ." ദൈവം വിശുദ്ധനാകയാൽ, അവന്റെ മക്കളും വിശുദ്ധരാകണം (1 പത്രൊ. 1:15, 16). അങ്ങനെയാണ് ദൈവനാമം വിശുദ്ധീകരിക്കപ്പെടേണ്ടത്.

വാക്യം 10. ദൈവത്തെ സംബോധന ചെയ്ത് ആദരിച്ചശേഷം, യേശു തന്റെ രാജ്യത്തിലേക്ക് തിരിഞ്ഞു പറഞ്ഞു, **"നിന്റെ രാജ്യം വരേണമേ."** യേശു ശിഷ്യന്മാരെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ച സമയത്ത് രാജ്യം വന്നിട്ടില്ലായിരുന്നു (3:2; 4:17; 10:7; മർക്കൊ. 9:1; അ.പ്ര. 1:6–8). പ്രവൃത്തികൾ 2 ൽ രേഖപ്പെടുത്തിയിരിക്കുന്ന പെന്തക്കോസ്തുനാളിലെ സംഭവങ്ങൾ പ്രതീക്ഷിക്കുന്ന ഒന്നായിരുന്നു ആ പ്രാർത്ഥന. അന്നു പത്രൊസ് സുവിശേഷം ആദ്യമായി അതിന്റെ പൂർണ്ണമായ അവസ്ഥയിൽ പ്രസംഗിച്ചു. ദൈവം യേശുവിനെ ഉയർപ്പിച്ച് ദാവീദിന്റെ സിംഹാസനത്തിലിരുത്തി (അ.പ്ര. 2:24–36). യേശുവിനെ "കർത്താവും ക്രിസ്തുവുമാക്കി വെച്ചു" (അ.പ്ര. 2:36). "ക്രിസ്തു" എന്നാൽ മശിഹ അല്ലെങ്കിൽ "അഭിഷിക്തൻ.'' അതോടെ രാജ്യം വന്നുകഴിഞ്ഞു (കൊലൊ. 1:13; എബ്രാ. 12:28; വെളി. 1:9). ക്രിസ്തു അതിന്മേൽ ഇപ്പോൾ വാണുകൊണ്ടിരിക്കുന്നു, രാജ്യം അവസാനം പിതാവായ ദൈവത്തെ ഏൽപ്പിക്കുന്നതുവരെ അവിടുന്ന് വാഴുകയും ചെയ്യും (1 കൊരി. 15:24–26).

രാജ്യവുമായുള്ള അടുത്ത ബന്ധത്തിൽ യേശു പഠിപ്പിച്ചു, **"നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപോലെ ഭൂമിയിലും ആകേണമേ.''** ദൂതന്മാരും സ്വർഗീയ സൈന്യവും ദൈവേഷ്ടം ഉറപ്പിച്ചിരിക്കയാണ്. അതേ രീതിയിൽ ഭൂമിയിലുള്ള ആളുകളും ദൈവേഷ്ടത്തിന് കീഴ്പ്പെടുവാനായി പ്രാർത്ഥനയിൽ അവിടുന്ന് നിർദ്ദേശിക്കുകയായിരുന്നു. ശിഷ്യന്മാർ ആദ്യം ദൈവേഷ്ടത്തിന് തങ്ങളെത്തന്നെ ഏൽപ്പിക്കണമെന്നാണ് ആ പ്രാർത്ഥന പഠിപ്പിക്കുന്നത്. ആ എളിമയുള്ള മനോഭാവത്തിന് വലിയ ത്യാഗം ആവശ്യമാണ്. "എങ്കിലും എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം തന്നെ ആകട്ടെ" എന്ന് പറഞ്ഞു യേശു അവസാനം വലിയ വില നൽകി (ലൂക്കൊ. 22:42).

വാക്യം 11. ആത്മീയ കാര്യങ്ങളിൽനിന്നു യേശു പെട്ടെന്ന് ഭൗതികമായ ആവശ്യങ്ങളിലേക്ക് തിരിഞ്ഞു. **''ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നു തരേണമേ.''** "ദിവസേന" എന്നതിനു തർജിമ ചെയ്ത ഗ്രീക്ക് വാക്ക് എപിയസിയസ് തിരുവെഴുത്തിൽ മറ്റൊരു ഭാഗത്തും കാണുന്നില്ല. ആ വാക്കിനു "മതിയായ," "ദിവസവും," എന്നെല്ലാം അർത്ഥമുണ്ട്. ശരിയായ തർജിമ എന്തായാലും, ഓരോ ദിവസവും ദൈവത്തിൽനിന്ന് അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റപ്പെടേണ്ടതിനാണ് (ലൂക്കോ. 11:3) ഇവിടെ പ്രാധാന്യം നൽകിയിരിക്കുന്നത്.

മിക്ക അവികസിത രാജ്യങ്ങളിലും, ഒരു ദിവസത്തെ ആഹാരത്തിന് ഇപ്പോഴും ദിവസം മുഴുവൻ ജോലി ചെയ്യേണ്ടതായിട്ടുണ്ട്. സമൃദ്ധി പലപ്പോഴും, നന്ദിയില്ലായ്മയിലേക്കും ദിവസവും ദൈവത്തിലുള്ള ആശ്രയമില്ലായ്മയിലേക്കും നയിക്കും (ആവ. 6:10–12; 8:11–18). ദൈവം യിസ്രായേലിന് സ്വർഗത്തിൽനിന്നു മന്നാ പൊഴിച്ചുകൊടുത്തപ്പോൾ, ശബ്ബത്തൊരുക്കത്തിനൊഴിച്ച് മറ്റെല്ലാ ദിവസങ്ങളിലും, ഓരോരുത്തന് അതാതു ദിവസത്തേക്കു മാത്രമായിരുന്നു നൽകിയത് (പുറ. 16:12–31). ഒരു ദിവസത്തിൽ കൂടുതൽ പെറുക്കി ശേഖരിച്ചാൽ, അടുത്ത ദിവസം പ്രഭാതത്തിൽ അത് ചീത്തയാകുകയും പുഴുവരിക്കുകയും ചെയ്യുമായിരുന്നു. നാളെയെ കുറിച്ചു വിചാരപ്പെടുകയും, അതു വരാതിരിക്കുകയും ചെയ്യുന്ന മൗഢ്യത്തെ യാക്കൊബ് ഓർപ്പിക്കുന്നു (യാക്കൊ. 4:13–15; മത്താ. 6:34).

വാക്യം 12. യേശു പറഞ്ഞതനുസരിച്ച് പ്രാർത്ഥനയിലെ മറ്റൊരു ഘടകമാണ് **പാപക്ഷമ.** കടം എന്നതു "ഓഫയിലേമാ." ഗ്രീക്കിൽ "പാപം" എന്നതിനുള്ള അഞ്ചു വാക്കുകളിലൊന്നാണ് (ലൂക്കൊ. 11:4 നോക്കുക), അതു പുതിയനിയമത്തിൽ വളരെ വിരളമായി മാത്രമെ ഉപയോഗിച്ചിട്ടുള്ളൂ. എങ്ങനെയായാലും, അതിന്റെ ക്രിയാരൂപം മുപ്പതിലധികം പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. യേശുവിന്റെ കാലത്ത് പാലസ്തീനിലെ ഭാഷ അരാമ്യയായിരുന്നു, ആ ഭാഷയിൽ ആചാരമായി പാപം എന്നതിന് "കടം" (ഹോബാ) എന്നാണ് ഉപയോഗിച്ചത്. ദൈവത്തിന്റെ കൃപാസനത്തോട് സമീപിക്കുന്നതിനു യോജിച്ച വാക്കാണ് അത്, കാരണം നാമെല്ലാവരും കടക്കാരാണ്. ആ സത്യത്തെ വെളിപ്പെടുത്തുന്നതായിരുന്നു, യേശു പഠിപ്പിച്ച ക്ഷമിച്ചുകൊടുക്കാത്ത ദാസന്റെ ഉപമ (18:23–35). ക്ഷമിക്കുവാൻ മനസില്ലാത്തവരോട് ദൈവവും ക്ഷമിക്കുകയില്ല എന്ന മറ്റൊരു പാഠവും നമ്മെ അതു പഠിപ്പിക്കുന്നു. തന്റെ മാതൃകാ പ്രാർത്ഥനയിൽ യേശു അതു വ്യക്തമാക്കുകയും, പിന്നെ 6:14, 15 ൽ അതിനെ വിപുലമാക്കുകയും ചെയ്യുന്നു. നമുക്ക് എതിരെ പാപം ചെയ്തവർ പാപക്ഷമാപണത്തിന് അർഹരായാലും ഇല്ലെങ്കിലും നാം അവരോട് ക്ഷമിച്ചാൽ മാത്രമെ ദൈവം നമ്മോട് ക്ഷമിക്കയുള്ളു. യേശു മറ്റുള്ളവരോട് ക്ഷമിച്ചതുപോലെ – തന്നെ ക്രൂശിച്ചവരോട് പോലും ക്ഷമിച്ചതുപോലെ നാമും മറ്റുള്ളവരോട് ക്ഷമിക്കണം (ലൂക്കൊ. 23:34).

വാക്യം 13. യേശു തന്റെ പ്രാർത്ഥന അവസാനിപ്പിച്ചു പറഞ്ഞു, **"പരീക്ഷയിൽ ഞങ്ങളെ കടത്താതെ ദുഷ്ടനിൽ നിന്നു ഞങ്ങളെ വിടുവിക്കേണമേ."** "പരീക്ഷണം" എന്നതിന്റെ ഗ്രീക്ക് വാക്ക് പെയിരാസ്മോസ്. "ദൈവത്താലുള്ള പരിശോധന" ആയിട്ടോ അല്ലെങ്കിൽ "പിശാചിനാലുള്ള പരീക്ഷണമായിട്ടോ" പറയാം (4:1 ന്റെ പരാമർശം നോക്കുക). നമ്മെ പരീക്ഷിക്കുവാൻ ദൈവം അനുവദിക്കും. പക്ഷെ "ദൈവം ആരെയും പരീക്ഷിക്കുകയില്ല" (യാക്കൊ. 1:13). നമ്മെ പരീക്ഷിക്കുവാൻ ദൈവം അനുവദിക്കുമ്പോൾ, അവൻ സാത്താനെ പരിമിതപ്പെടുത്തും (ഇയ്യോ. 1:2). നമുക്ക് അതിൽനിന്നു രക്ഷപ്പെടുവാനുള്ള പോക്കുവഴിയും ദൈവം ഒരുക്കും (1 കൊരി. 10:13). (തുടരും)

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# അമേരിക്കയും സർവ്വശക്തനായ ദൈവവും


**1776** ൽ അമേരിക്ക ബ്രിട്ടനിൽ നിന്നു സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്നതിനു മുൻപുള്ള കാലഘട്ടം. അക്കാലത്തെ ബ്രിട്ടീഷ് ഗവൺമെന്റിന്റെ നയപരിപാടികൾ അമേരിക്കയിലെ കോളനികൾക്കു അനുകൂലമായിരുന്നില്ല. തന്മൂലം കോളനികളിൽ ബ്രിട്ടീഷ് ഗവൺമെന്റിനോടുള്ള പ്രതിഷേധം വർധിച്ചുവന്നു. അങ്ങനെയൊരു പശ്ചാത്തലത്തിലാണ് ബോസ്റ്റണിൽ ബ്രിട്ടീഷ് സൈന്യത്തെ വിന്യസിക്കാൻ തീരുമാനമായത്.

ഈ നടപടിയോടു കോളനി നിവാസികൾ പ്രതികരിച്ചത് എങ്ങനെയാണെന്നോ? ഉപവാസത്തിനും പ്രാർത്ഥനയ്ക്കുമായി ഒരുദിവസം പൂർണമായും മാറ്റിവച്ചുകൊണ്ടായിരുന്നു അവർ പ്രതികരിച്ചത്. 1768 സെപ്റ്റംബറിലായിരുന്നു ഈ സംഭവം. 1774 ജൂൺ ഒന്നിനു വിർജീനിയ കോളനിയിലെ നിവാസികൾ ബ്രിട്ടീഷ് ഗവൺമെന്റിന്റെ നയപരിപാടികളോടു പ്രതികരിച്ചതും ഒരുദിവസം മുഴുവനും പ്രാർത്ഥനയ്ക്കും ഉപവാസത്തിനുംവേണ്ടി മാറ്റിവച്ചുകൊണ്ടായിരുന്നു.

സൗത്ത് കരോലിന, മേരിലാൻഡ്, ജോർജിയ എന്നീ കോളനികളിൽ 1774 ൽ ഉപവാസ-പ്രാർത്ഥനാദിനം ആചരിക്കുകയുണ്ടായി. പിറ്റേവർഷം നടന്ന കോണ്ടിനെന്റൽ കോൺഗ്രസിന്റെ തീരുമാനമനുസരിച്ച് ആ വർഷം ജൂലൈ 20-ന് അമേരിക്കയിലെ എല്ലാ കോളനികളിലും ഉപവാസ-പ്രാർത്ഥനാദിനം ആചരിക്കുകയുണ്ടായി.

കോളനികളിലൊട്ടാകെ നടത്തിയ ഉപവാസ-പ്രാർത്ഥനാദിനം വൻ വിജയമായിരുന്നതുകൊണ്ട് എല്ലാവർഷവും ഇപ്രകാരമൊരു ദിവസം ആചരിക്കാൻ കോണ്ടിനെന്റൽ കോൺഗ്രസ് തീരുമാനിക്കുകയുണ്ടായി. കോണ്ടിനെന്റൽ ആർമിയുടെ കമാൻഡർ ഇൻ ചീഫായി ജോർജ്ജ് വാഷിംഗ്ടൺ ചുമതലയേറ്റെടുത്തപ്പോൾ ഉപവാസ പ്രാർത്ഥനാദിനം ആചരിക്കുന്നതിന് അദ്ദേഹം പ്രത്യേകം ശ്രദ്ധിക്കുകയുണ്ടായി.

ഒരു ജനത എന്ന രീതിയിൽ തങ്ങളുടെ തെറ്റുകൾക്കു പരിഹാരം ചെയ്യുന്നതിനും രാജ്യമൊട്ടാകെ ദൈവാനുഗ്രഹമുണ്ടാകുന്നതിനും വേണ്ടിയായിരുന്നു അമേരിക്കൻ കോളനികളിൽ വർഷംതോറും ഉപവാസ പ്രാർത്ഥനാദിനം ആചരിച്ചിരുന്നത്. എന്നാൽ, അധികം താമസിയാതെ ഈ നല്ല പാരമ്പര്യം നിലച്ചുപോയി. അതിന്റെ ഒരു പ്രധാന കാരണം പ്രസിഡന്റ് ജെഫേഴ്സണെപ്പോലെയുള്ളവരുടെ നിലപാടായിരുന്നു. പ്രാർത്ഥന വ്യക്തിപരമായിരിക്കുന്നതാണു നല്ലതെന്നും അതു പൊതുപരിപാടിയായി നടത്തേണ്ടതില്ലെന്നുമായിരുന്നു അദ്ദേഹത്തിന്റെ നിലപാട്.



1815 മുതൽ 1862 വരെ ആചരിക്കാതിരുന്ന ഉപവാസ പ്രാർത്ഥനാദിനം പ്രസിഡന്റ് ഏബ്രഹാം ലിങ്കൺ ആണ് 1863 ൽ പുനരാരംഭിച്ചത്. ആ വർഷം മാർച്ച് 30ന് പുറപ്പെടുവിച്ച വിജ്ഞാപനമനുസരിച്ച് പിറ്റേ മാസം 30-നായിരുന്ന ദേശീയ ഉപവാസപ്രാർത്ഥനാദിനമായി ആചരിച്ചത്. ആ ദിവസം എല്ലാവരും ദൈവതിരുമുമ്പാകെ തങ്ങളുടെ കുറ്റങ്ങൾ ഏറ്റുപറയണമെന്നും ദൈവകാരുണ്യത്തിനും പാപപ്പൊറുതിക്കുമായി യാചിക്കണമെന്നും ലിങ്കൺ തന്റെ വിജ്ഞാപനത്തിൽ ആവശ്യപ്പെട്ടിരുന്നു.

ആ വിജ്ഞാപനത്തിൽ അദ്ദേഹം ഇപ്രകാരം പറയുന്നു, നമ്മൾ ദൈവത്തെ മറന്നു. സമാധാനത്തിലൂടെ നമ്മെ നടത്തി വളർത്തി വലുതാക്കിയ ദൈവത്തെ നമ്മൾ മറന്നു. നമ്മളുടെ നേട്ടങ്ങളെല്ലാം നമ്മുടെ വിജ്ഞാനവും മിടുക്കും കൊണ്ടാണെന്നു നാം കരുതി. തുടരെത്തുടരെ ഉണ്ടായ വിജയങ്ങൾ മൂലം മത്തുപിടിച്ച നമ്മൾ ദൈവത്തിന്റെ അനുഗ്രഹവും സഹായവും മറന്നു. മാത്രമല്ല, ദൈവത്തോടു പ്രാർത്ഥിക്കുന്നതിനുപോലും നാം താല്പര്യം കാണിച്ചില്ല. തന്മൂലം നാം നമ്മെത്തന്നെ എളിമപ്പെടുത്തിക്കൊണ്ട് ഒരു ജനത എന്ന രീതിയിലുള്ള നമ്മുടെ പാപങ്ങൾക്കു ദൈവത്തോടു കരുണയും മാപ്പും യാചിക്കണം.



ലിങ്കന്റെ കാലശേഷം 1952 വരെയുള്ള ദീർഘമായ കാലഘട്ടത്തിൽ വീണ്ടും ഉപവാസ പ്രാർത്ഥനാദിനം ആചരിക്കുന്ന കാര്യത്തിൽ ദേശീയ നേതാക്കൾ ശ്രദ്ധിച്ചില്ല. എന്നാൽ, 1952 ൽ കൊറിയൻ യുദ്ധം നടക്കുന്ന അവസരത്തിൽ ദേശീയ ഉപവാസ പ്രാർത്ഥനാദിനം ആചരിക്കുന്നതിനെക്കുറിച്ച് അമേരിക്കയിലെ ജനപ്രതിനിധി സഭയും സെനറ്റുംകൂടി സംയുക്തമായ ഒരു തീരുമാനമെടുത്തു. അതിന്റെ ഫലമായി എല്ലാ വർഷവും ദേശീയ ഉപവാസ പ്രാർത്ഥനാദിനം ആചരിക്കുന്ന പതിവ് അമേരിക്കയിൽ വീണ്ടും ആരംഭിച്ചു. 1988 ൽ എടുത്ത മറ്റൊരു തീരുമാനമനുസരിച്ച് എല്ലാ വർഷവും മേയ് മാസത്തിലെ ആദ്യ വ്യാഴാഴ്ചയാണ് അമേരിക്കയിൽ ദേശീയ ഉപവാസ പ്രാർത്ഥനാദിനം ആചരിക്കുന്നത്. ആ ദിവസത്തേക്കുവേണ്ടി എല്ലാ വർഷവും അമേരിക്കൻ പ്രസിഡന്റ് ഒരു സന്ദേശം നൽകാറുണ്ട്.

1952 ൽ പുനരാരംഭിച്ച ദേശീയ ഉപവാസ പ്രാർത്ഥനാദിനാചരണം അമേരിക്കയിൽ ഇപ്പോഴും മുടക്കംകൂടാതെ നടക്കുന്നുണ്ട്. അതിന്റെ ഒരു കാരണം അതു രാജ്യനിയമമാണ് എന്നതുതന്നെ. എങ്കിൽപോലും ഒരു രാജ്യവും ഒരു ജനതയുമെന്ന രീതിയിൽ അവർ പൊതുവായി ഒരുമിച്ചു പ്രാർത്ഥിക്കുന്നതിലെ നന്മ നമുക്ക് അവഗണിക്കാനാവില്ല.

ദേശീയ ഉപവാസ പ്രാർത്ഥനാ ദിനത്തേക്കാളേറെ പ്രാധാന്യമുള്ള മറ്റൊരു ദിവസമാണ് അമേരിക്കയിലെ താങ്ക്സ് ഗിവിംഗ് ഡേ. ദൈവത്തിനു നന്ദിപറയാൻ വേണ്ടി ഇന്നും വളരെ ആഘോഷത്തോടെ ആചരിക്കുന്ന ഈ ദിനത്തിന് പ്രസിഡന്റ് ലിങ്കൺ ആണ് 1863 ൽ ഔദ്യോഗികമായി തുടക്കമിട്ടത്.

## സർവ്വശക്തനായ ദൈവം

ഒരു ദേശമായി അമേരിക്ക അനുഗ്രഹിക്കപ്പെടുവാനുള്ള കാരണം അവരുടെ ദൈവത്തിലുള്ള വിശ്വാസമായിരുന്നു എന്നു അമേരിക്കയുടെ സ്ഥാപക പിതാക്കന്മാർ വിശ്വസിച്ചിരുന്നു. തങ്ങൾക്ക് സ്വാതന്ത്ര്യം ലഭിച്ചതും ഭാവി വിജയം ലഭിക്കുന്നതും ദൈവം കാരണമാണെന്ന് വിശ്വസിച്ചതുകൊണ്ടാണ് അമേരിക്കക്കാർ പാരമ്പര്യമായി നോട്ടുകളിൽ "ദൈവത്തിൽ ഞങ്ങൾ ആശ്രയിക്കുന്നു" എന്ന് അച്ചടിക്കുവാൻ തുടങ്ങിയത്. "സർവ്വശക്തിയുള്ള ഡോളറിൽ" ആശ്രയിക്കുന്നതിനേക്കാൾ "സർവ്വശക്തനായ ദൈവത്തിൽ" ആശ്രയിക്കുവാനായിരുന്നു അവർ പഠിപ്പിച്ചിരുന്നത്. ഡോളർ നോട്ടിന്റെ പുറകിൽ മരുഭൂമിയിൽ ഒരു പിരമിഡ് ഉയർന്നു നിൽക്കുന്നു (വിജയചിഹ്നം) അതിനു ചുറ്റും എല്ലാം കാണുന്ന കണ്ണുമുണ്ട് (ദൈവത്തിന്റെ കരുണാധിക്യപ്രകാരമുള്ള കരുതൽ). അതിനു മുകളിലുള്ള ലാറ്റിൻ പ്രയോഗം ആനുയിറ്റ് കോയേപ്റ്റസ് തർജ്ജിമ ചെയ്തിരിക്കുന്നത് "ഞങ്ങൾ ചെയ്യുന്നത് ദൈവത്തിന് ഇഷ്ടമാണ്," അല്ലെങ്കിൽ "ദൈവം ഞങ്ങളെ നോക്കി പുഞ്ചിരിക്കുന്നു" എന്നാണ്.



# നിങ്ങൾ ഉപവസിക്കുമ്പോൾ

**നി**ങ്ങൾ ഉപവസിക്കുമ്പോൾ എന്ന പ്രയോഗത്തോടെയാണ് യേശു ഉപവാസം എന്ന വിഷയത്തെ കുറിച്ചു സംസാരിച്ചു തുടങ്ങിയത്. യെഹൂദ പരിശീനമായ ഭിക്ഷ കൊടുക്കൽ, പ്രാർത്ഥന എന്നിവ തന്റെ ശിഷ്യന്മാർ ചെയ്തുപോന്നതായിട്ടാണ് യേശു പറയുന്നത്.

"ഉപവാസം" എന്നതിനുള്ള പഴയനിയമ എബ്രായ വാക്കാണ് റ്റ്സും. പ്രായശ്ചിത്ത ദിവസം എളിമപ്പെട്ട് ആത്മതപനം (ഞെരുക്കൽ; കെ.ജെ.വി) ചെയ്യുന്നതിനോടനുബന്ധിച്ചുള്ളതായിരുന്നു ഉപവാസം (ലേവ്യ. 16:29-31). ന്യായപ്രമാണത്തിൽ കൽപ്പിച്ചതായ ഉപവാസം ഇതു മാത്രമായിരുന്നു, എന്നാൽ നൂറ്റാണ്ടുകളായി വേറെയും ഉപവാസ ദിവസങ്ങൾ അവർ ചിട്ടപ്പെടുത്തിയിരുന്നു. യെഹൂദ പാരമ്പര്യത്തിൽ, "പ്രായശ്ചിത്ത ദിവസത്തിൽ, 1) ഭക്ഷിക്കുന്നതും 2) പാനം ചെയ്യുന്നതും 3) കുളിക്കുന്നതും 4) എണ്ണ തേക്കുന്നതും 5) ചെരിപ്പ് ഇടുന്നതും 6) ലൈംഗികബന്ധം പുലർത്തുന്നതും വിലക്കിയിരുന്നു."

പഴയനിയമ ഉപവാസം ചില സാഹചര്യങ്ങളിലുള്ളതും അസാധാരണവുമായിരുന്നു, എന്നാൽ മറ്റുള്ളവ നിരന്തരമായി ചെയ്തിരുന്നു. രോഗത്തിനും, വിലാപത്തിനും, പാപം നിമിത്തമുള്ള ദുഃഖത്തിനും, ദുരന്തങ്ങൾ നിമിത്തവും, മറ്റു സങ്കീർണ്ണപ്രശ്നങ്ങൾക്കും ആളുകൾ ഉപവസിച്ചിരുന്നു (സങ്കീ. 35:13). ദാവീദിന്റെ മകന് മരിക്കത്തക്ക രോഗം വന്നപ്പോൾ ദാവീദ് ഉപവസിച്ചിരുന്നു (2 ശമു. 12:16-23). ശൗലിനും അവന്റെ മക്കൾക്കും വേണ്ടി ദാവീദും യാബേശിലെ ജനങ്ങളും ഏഴു ദിവസം ഉപവസിച്ചിരുന്നു (1 ശമു. 31:12, 13; 2 ശമു. 1:11-16). ദൈവത്തിൽ നിന്നും വെളിപ്പാട് ലഭിക്കുന്നതിനു മുൻപ് മോശെയും ദാനിയേലും ഉപവസിച്ചിരുന്നു (പുറ. 34:28; ദാനി. 9:3). ഈസബേലിന്റെ കോപത്തിൽനിന്നും ഓടിയപ്പോൾ ഏലിയാവ് ഉപവസിച്ചിരുന്നു (1 രാജാ. 19:8). തന്റെ പാപങ്ങൾ നിമിത്തം ദൈവശാപം തന്നിൽ വരുവാൻ പോകുന്നു എന്നുപറഞ്ഞപ്പോൾ ദുഷ്ടനായിരുന്ന ആഹാബും ഉപവസിച്ചിരുന്നു, തൻനിമിത്തം ദൈവം തന്റെ കോപം മാറ്റിവച്ചു (1 രാജാ. 21:27). കൂട്ടമായും ദേശം ഒന്നടങ്കവും ഉപവസിച്ചതായി പഴയനിമയത്തിൽ നമുക്ക് കാണാൻ കഴിയും (യോശു. 7:6; ന്യായാ. 20:24-28; 1 ശമു. 7:6; 2 ദിന. 20:3; എസ്രാ. 8:21-23; നെഹ. 9:1; യോനാ. 3:5). യെഹൂദന്മാരെ ബാബേലിലേക്ക് പ്രവാസികളായി കൊണ്ടുപോയപ്പോൾ, ഓരോ സമയം നിശ്ചയിച്ച് അവരുടെ പാപങ്ങൾക്കുള്ള ദുഃഖ സൂചനയായി ഉപവസിച്ചിരുന്നു. നാലാം മാസത്തിലും, അഞ്ചാം മാസത്തിലും, ഏഴാം മാസത്തിലും, പത്താം മാസത്തിലും ആളുകൾ ഉപവസിച്ചിരുന്നതായി സെഖര്യാവ് രേഖപ്പെടുത്തിയിരിക്കുന്നു (സെഖ. 7:1-7; 8:19).

"ഉപവാസം" എന്നതിന്റെ ഗ്രീക്ക് വാക്ക് 'നെസ്റ്റയുവോ' വുമായി ബന്ധപ്പെട്ട നാമങ്ങൾ പുതിയനിയമത്തിൽ ഏതാണ്ട് മുപ്പതു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നതു കാണാം. ഭക്ഷണവും പാനീയവും ഉപേക്ഷിക്കണമെന്നാണ് ആ വാക്കുകൾ സൂചിപ്പിക്കുന്നത്. ഉപവാസം മിക്കവാറും ആത്മീയമായ ആവശ്യങ്ങൾക്കുള്ളതായിരുന്നു. അത് ശരിയായി ചെയ്തപ്പോൾ, അവർക്ക് ദൈവത്തോടു അടുക്കുവാൻ കഴിഞ്ഞിരുന്നു. അതുപോലെ, അതു പലപ്പോഴും പ്രാർത്ഥനയുമായി ബന്ധപ്പെട്ടുള്ളതായിരുന്നു (ലൂക്കോ. 2:37; 5:33; അ.പ്ര. 13:3; 14:23). മറ്റുള്ളവരെ കാണിക്കേണ്ടതിനായിരുന്നില്ല ഉപവാസം; മനസു തകർന്നു, വിശുദ്ധ മനോഭാവത്തിൽ ഹൃദയപൂർവ്വം ചേയ്യേണ്ടതായിരുന്നു.

### ഉപവാസത്തിനുള്ള കാരണങ്ങൾ (6:16-18)

ഉപവസിക്കുവാൻ ക്രിസ്ത്യാനികൾക്ക് കൽപനയില്ലെങ്കിലും, തന്റെ ശിഷ്യന്മാർ ഉപവസിക്കുമെന്ന സൂചന യേശു നൽകിയിരുന്നു. ആ പരിശീലനത്തെ ഉപേക്ഷിക്കുന്നതിനാൽ പല ഭൗതികവും ആത്മികവുമായ പ്രയോജനങ്ങൾ നാം നഷ്ടപ്പെടുത്തിയേക്കാം. ഉപവാസത്തിൽ ഏർപ്പെടുന്നതിന് ഇതാ ചില നല്ല കാരണങ്ങൾ:

1) ദൈവസന്നിധിയിൽ നമ്മെത്തന്നെ താഴ്ത്തുവാൻ.

2) അനുതാപത്തിലൂടെ ശുദ്ധീകരണം പ്രാപിച്ച് ദൈവത്തോടടുക്കുവാൻ.

3) ജീവിതത്തിൽ ആത്മീയ കാര്യങ്ങൾക്ക് മുൻഗണന നൽകുവാൻ. ലോകത്താൽ നാം ആകർഷിക്കപ്പെടാതെ ആത്മീകമായി ദൈവത്താൽ കൂടുതൽ ആകർഷിക്കപ്പെടുവാൻ ഉപവാസം സഹായിക്കും.

4) ഉപവാസം നമ്മെ ഇന്ദ്രിയ ജയത്തിലേക്കും, ഇന്ദ്രിയജയം നമ്മെ കൂടുതൽ ആത്മീയ പക്വതയിലേക്കും, ആത്മീയ പക്വത കൂടുതൽ ദൈവത്തോട് അടുക്കുവാനും സഹായിക്കും.

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30-ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

*ലൂക്കോസ് 2-ാം അദ്ധ്യായം അവിശ്വസനീയമായ പ്രസ്താവനകളിലൂടെ വളരെ ആശയക്കുഴപ്പം സൃഷ്ടിക്കുന്നുണ്ട്. ലൂക്കോ. 2:1 ൽ മലയാളത്തിൽ കൈസർ എന്നും ഇംഗ്ലീഷിൽ സീസർ എന്നും കാണുന്നു. സീസർ എങ്ങനെയാണ് കൈസർ ആകുന്നത്. സീസറിന്റെ കല്പന എങ്ങനെയാണ് ലോകമാസകലമുള്ള ജനങ്ങൾക്ക് ബാധകമാകുന്നത്. സീസർ ഒരു ലോകനേതാവല്ലല്ലോ. റോമാക്കാരുടെ കല്പന എങ്ങനെയാണ് നസ്രേത്തുകാരെ ബാധിക്കുന്നത്. ഒരു ശിശു ജനിച്ചു എന്ന് കേട്ടപ്പോൾ സർവ്വശക്തനായ ഒരു രാജാവ് എന്തിന് ഭയക്കണം. ദൈവപുത്രൻ, രക്ഷകൻ, സുവിശേഷം എന്നൊക്കെ സീസറിനെ വിശേഷിപ്പിച്ചിരുന്ന കാര്യങ്ങളാണ്. എന്തടിസ്ഥാനത്തിലാണ് ഇതൊക്കെ യേശുവാണെന്ന് അവകാശപ്പെടുന്നത്.*

*-പ്രദീപ് മുളവന, പയ്യപ്പാടി, ചീരംകുളം, കോട്ടയം*

**ജൂ**ലിയസ് കുലത്തിന്റെ കുടുംബപ്പേര് കൈസർ. ഈ കുലത്തിലെ പ്രസിദ്ധനായ ചക്രവർത്തിയായിരുന്നു ഗായിയൂസ് ജൂലിയസ് സീസർ (ക്രി.മു. ഏ. 101-44). കൈസർ ഗ്രീക്കും സീസർ ലത്തീനുമാണ്. ക്രമേണ ഈ കുടുംബപ്പേര് സ്ഥാനപ്പേരായി മാറി. ജൂലിയസ് സീസർ ദത്തെടുത്ത് പിൻഗാമിയായി പ്രഖ്യാപിച്ച ഗായുസ് ഒക്ടേവിയുസിനും കൈസർ എന്ന സ്ഥാനപ്പേരുകൂടാതെ ആരാധ്യൻ എന്നർത്ഥമുള്ള ഔഗുസ്തൊസ് എന്ന ബഹുമതിയും റോമാ സെനെറ്റ് നൽകുകയുണ്ടായി (ലൂക്കൊ. 2:1). ദൈവികത്വത്തിന്റെ പരിവേഷമുള്ള ബഹുമതിയാണ് ഔഗുസ്തൊസ്. റോമാ സാമ്രാജ്യത്തിന്റെ പൂർവ്വ പ്രവിശ്യകളിൽ കൈസർ എന്നും പശ്ചിമ പ്രവിശ്യകളിൽ ഔഗുസ്തൊസ് എന്നും റോമാ ചക്രവർത്തിയെ വിളിച്ചുപോന്നു. ഔഗുസ്തൊസ് കൈസറുടെ പിൻഗാമി തിബ്ബെര്യൊസ് ഔഗുസ്തൊസ് കൈസർ (ഭരണകാലം, ക്രി.വ. 14-37) ആയിരുന്നു. ജർമ്മാനിക്കൂസ് (ക്രി.വ. 37-41), ക്ലൊഡിയുസ് (41-54), നീറോ (54 -68) എന്നിങ്ങനെ പോകുന്നു കൈസറന്മാരുടെ പട്ടിക.





ഏഴു മലകളിലായിട്ടാണ് റോം നഗരം സ്ഥിതിചെയ്തത്. ക്രി.മു. 509 ൽ എട്രുസ്കൻ രാജവംശത്തിന്റെ അന്ത്യംകുറിച്ച് റിപ്പബ്ലിക് സ്ഥാപിക്കുന്നതിൽ റോമർ വിജയിച്ചു. ക്രി.മു. മൂന്നാം നൂറ്റാണ്ടിന്റെ മദ്ധ്യകാലഘട്ടത്തിൽ ഇറ്റലിദേശം ആസകലം റോമിന്റെ ഭരണത്തിലായി. ഏതാണ്ട് ഒരു ശതവർഷം കഴിഞ്ഞപ്പോഴേക്കും യൂറോപ്പിൽ മാത്രമല്ല ഉത്തരാഫ്രിക്കയിലും പശ്ചിമേഷ്യയിലും റോം ആധിപത്യം ഉറപ്പിച്ചുകഴിഞ്ഞിരുന്നു. കേവലം പട്ടണ സംസ്ഥാനമായിരുന്നു (city state) റോം നഗരം. ക്രി.മു. 201 ൽ സ്പെയിൻ റോമിനു കീഴടങ്ങി. ക്രി.മു. 190 ൽ റോമൻ സൈന്യം സെലൂക്യരാജാവായ അന്തിയോക്കസിനെ തോൽപ്പിച്ച് അന്തിയോക്കസിന്റെ അധീനതയിലായിരുന്ന ഏഷ്യാമൈനറിന്റെ പശ്ചിമപ്രദേശങ്ങൾ കൈവശമാക്കി. സാമ്രാജ്യവികസനത്തിനു നടത്തിയ യുദ്ധങ്ങളിൽ ഒന്നിനുപുറകെ ഒന്നായി വിജയം വരിക്കാൻ റോമൻ സൈന്യത്തിനു കഴിഞ്ഞു. ക്രി.മു. 618 ൽ മക്കദോന്യരാജാവിന് തോൽവി സമ്മതിക്കേണ്ടിവന്നു. മക്കദോന്യ റോമർ സാമ്രാജ്യത്തിന്റെ ഭാഗമായി. അതിനുശേഷം ഗ്രീസും ആക്രമിക്കപ്പെട്ടു. കൊരിന്തു പട്ടണം പാടേ നശിപ്പിച്ചു (ക്രി.മു. 146). നൂറ്റാണ്ടുകളായി വൻശക്തിയായി പരിലസിച്ച കാർത്തേജ് മൂന്നാമത്തെ പ്യൂണിക്ക് യുദ്ധത്തിൽ നശിപ്പിക്കപ്പെട്ടു (149-146). സെനറ്റ് പക്ഷത്തിന്റെ നേതാവും യുദ്ധനിപുണനുമായ പോംപിയെ പൗരസ്ത്യദിക്കുകളിലെ സൈന്യാധിപനായി സെനറ്റ് അധികാരപ്പെടുത്തി. ക്രി.മു. 64 ൽ പൊന്തൊസ് കീഴടക്കിയതോടെ ആസ്യ ആസകലം റോമൻ സാമ്രാജ്യത്തിന്റെ ഭാഗമായിത്തീർന്നു. ബിഥുന്യയും പൊന്തൊസും സംയോജിപ്പിച്ച് ഒരു റോമൻ പ്രവിശ്യയാക്കി. സിറിയ വേറൊരു പ്രവിശ്യയും. ഇതോടൊപ്പം പോംപി യഹൂദ്യയിലും ആധിപത്യം സ്ഥാപിക്കുകയുണ്ടായി. ഇതിനിടെ റോമിൽ അധികാരമത്സരത്തിനുള്ള ആഭ്യന്തര കലഹം മൂർച്ഛിച്ചു. റോമൻ സെനറ്റും അവർക്കു വിധേയരായ കോൺസലന്മാരുമായിരുന്നു ക്രി.മു. ഒന്നാം നൂറ്റാണ്ടിന്റെ പ്രാരംഭഘട്ടംവരെ അധികാരം നടത്തിയിരുന്നത്. ഈജിപ്റ്റുൾപ്പെടെ പശ്ചിമ രാജ്യങ്ങളുമായി യുദ്ധം ചെയ്ത് അവയെ കീഴടക്കിയ കൈസർ എന്നു പേരായ ഒരു സേനാനായകനും പോംപിയും തമ്മിലായിരുന്നു പ്രധാന മത്സരം. ഈ രണ്ടു കോൺസുലന്മാർ തമ്മിലുള്ള പോരാട്ടത്തിൽ കൈസറാണ് വിജയിച്ചത്. ഈ വിജയവും ഈജിപ്റ്റിനെ തോൽപിച്ചതും കൈസറിന്റെ മേധാവിത്വത്തിനും സെനറ്റിന്റെ അംഗീകാരത്തിനും വഴിതെളിച്ചു. ക്രി. വ. 46 ൽ കൈസർ ഏകാധിപതിയായി സ്വേച്ഛാധിപത്യം സ്ഥാപിച്ചു. റോമൻ സെനറ്റ് പേരിനുമാത്രം ഏതാനും വർഷങ്ങൾകൂടെ തുടർന്നെങ്കിലും കൈസറിന്റെ ആകസ്മിക മരണത്തിനുശേഷം കോൺസലന്മാർ തമ്മിലുണ്ടായ ആഭ്യന്തരയുദ്ധത്തിൽ കൈസറിന്റെ ബന്ധുവും വളർത്തുമകനുമായ ഒക്ടേവിയൻ വിജയിക്കുകയും കൈസറിന്റെ പിൻഗാമിയായി സ്വേച്ഛാധിപത്യം തുടരുകയും ചെയ്തു (ക്രി.മു. 31). കുടുംബപ്പേരായ കൈസർ എന്ന നാമധേയം കൂടാതെ ഔഗുസ്തൊസ് (=ആരാധനീയൻ) എന്ന സ്ഥാനപ്പേരും സ്വീകരിച്ചു. റോമാസാമ്രാജ്യത്തിന് ഇംപീരിയും റോമാനും (Imperium Romanum) എന്നും ചക്രവർത്തിക്ക് ഇംപെരാറ്റോർ (Imperator) എന്നും പേരായി. ഈ പേരുകളിൽ നിന്നാണ് എംപയർ, എംപറർ എന്നീ ഇംഗ്ലീഷ് പദങ്ങളുണ്ടായത്.

### 1. "അക്കാലത്ത് ലോകമാസകലമുള്ള ജനങ്ങളുടെ പേര് എഴുതിച്ചേർക്കപ്പെടണം എന്ന് അഗസ്റ്റിസ് സീസറിൽനിന്ന് കല്പന പുറപ്പെട്ടു" (ലൂക്കോ. 2:1).

ലോകം മുഴുവൻ റോമാസാമ്രാജ്യമാണെന്നു തോന്നുന്നത്രയും വിശാലമായിരുന്നു സീസറിന്റെ സാമ്രാജ്യം. റോമിൽനിന്ന് അയാൾ ഒരു സെൻസസിന് ഉത്തരവിടുകയാണ്. അതനുസരിക്കേണ്ടിവരുന്നത്, അനേക കാതം അകലെയുള്ള നസ്രത്ത് ഗ്രാമത്തിലെ തൊഴിലാളിയായ യൗസേപ്പിനും ഗർഭിണിയായ മറിയത്തിനും, അവരെപ്പോലുള്ള അനേകർക്കുമാണ്. ധിക്കരിക്കാനാവില്ല സീസറിനെ. കാരണം, അയാൾ 'ദൈവപുത്രനും' 'രക്ഷകനു'മാണ്. ബ്രിട്ടീഷ് മ്യൂസിയത്തിൽ അക്കാലത്തെ ഒരു ഫലകം സൂക്ഷിച്ചിട്ടുണ്ട്: "സീസർ അഗസ്റ്റസ് - നമ്മുടെ പിതൃദേശത്തിന്റെ പിതാവ്, സേവൂസ് ദേവനെപ്പോലുള്ളവൻ, മാനവരാശിയുടെ രക്ഷകൻ, സകലജാതികളുടെയും പ്രാർത്ഥനകൾക്ക് പരാശക്തി നല്കിയ ഉത്തരം - അവിടുത്തെ നമുക്കാദരിക്കാം. പ്രതിമകളും ബലികളും ഗീതങ്ങളും അദ്ദേഹത്തിന്റെ പെരുമക്കായി അർപ്പിക്കാം." സീസർ കുടുംബത്തിൽ ഒരാൺതരിയുണ്ടാകുന്നത് എല്ലാ ജനതകൾക്കും വേണ്ടിയുള്ള 'സുവിശേഷ'മായി വിളംബരം ചെയ്യപ്പെട്ടിരുന്നു. വെറുതെയായിരുന്നില്ല ഇവയൊന്നും. ജൂലിയസ് സീസർ കൊലചെയ്യപ്പെട്ടശേഷം സാമ്രാജ്യത്തിലെവിടെയും പൊട്ടിപ്പുറപ്പെട്ട ലഹളകൾ അമർച്ച ചെയ്ത് റോമൻ സമാധാനം (Pax Romana) സ്ഥാപിച്ചത് അഗസ്റ്റസാണ്. അക്കാലത്തെ റോമൻ നാണയത്തിന്റെ ഒരു പുറത്ത് സമാധാന ദേവതയുടെയും മറുപുറത്ത് അഗസ്റ്റസിന്റെയും രൂപം കാണാം.

പക്ഷേ, ഈ സമാധാനവും രക്ഷയുമൊക്കെ സാധാരണ ജനം എങ്ങനെയാണ് കണ്ടത്? ടാസിറ്റസ് എന്ന അക്കാലത്തെ ചരിത്രകാരൻ റോമാക്കാരോട് എതിരിട്ട കൽഗാക്കുസ് എന്ന പോരാളിയുടെ പ്രസംഗം രേഖപ്പെടുത്തിയിട്ടുണ്ട്: "....അവർ ലോകമെങ്ങും കൊള്ളയടിക്കുന്നു. ശത്രു ധനികനെങ്കിൽ അവർക്കു വേണ്ടത് പണമാണ്. ദരിദ്രനെങ്കിലോ വേണ്ടത് അധികാരവും. കിഴക്കും പടിഞ്ഞാറും കീഴ്പ്പെടുത്തിയിട്ടും അവർക്കു മതിവന്നില്ല... കൊള്ളയും കൊലയും നടത്തിയിട്ട് അവരതിനെ സാമ്രാജ്യമെന്നു വിളിക്കുന്നു. സകലരെയും നിശബ്ദരാക്കിയിട്ട് അതിനെ സമാധാനം എന്നും വിളിക്കുന്നു."

ഈ സീസറിന്റെ തിരുവായ്ക്ക് എതിർവായില്ലാത്തതുകൊണ്ട് യൗസേപ്പും മറിയയും മൈലുകൾ താണ്ടി പേരെഴുതിക്കാൻ പോകുകയാണ്....

### 2) "ഇതുകേട്ട് ഹേറോദേസ് രാജാവും അവനോടൊപ്പം ജറുസലേം മുഴുവനും അസ്വസ്ഥരായി" (മത്താ. 2:3).

ബേത്‌ലെഹെമിൽ യഹൂദരുടെ രക്ഷകൻ പിറന്നുവെന്നത് ഹേറോദേസിനും കൂട്ടർക്കും ദുർവാർത്തയാണ്. അതങ്ങനെയാകാതിരിക്കാൻ തരമില്ല. കാരണം അത്രയ്ക്കും ഭീരുവായിരുന്നു അയാൾ. എല്ലാവരും തനിക്കെതിരെ ഗൂഢാലോചനയിലേർപ്പെടുന്നു എന്നൊരു തോന്നൽ അയാളെ അലട്ടിക്കൊണ്ടേയിരുന്നു. കനത്ത കോട്ടയ്ക്കകത്ത് പട്ടാളത്തിന്റെ സംരക്ഷണത്തിൽ, സിംഹാസനത്തിൽ ഇരിക്കുമ്പോഴും വല്ലാതെ അരക്ഷിതനായിരുന്നു അയാൾ. സംശയം തോന്നിയതിന്റെ പേരിൽ തന്റെ ആൺമക്കളിൽ മൂന്നുപേരെയും ഭാര്യമാരിൽ ഒരാളെയും അയാൾ കൊന്നുകളഞ്ഞു. അതേസമയം സീസറിനു വിടുപണി ചെയ്യാനും അയാൾ മടിച്ചില്ല. സീസറിന്റെ പേരിൽ തീയറ്ററുകളും ജിംനേഷ്യങ്ങളും ഫൗണ്ടനുകളും അമ്പലങ്ങളും അയാൾ പണിയിപ്പിച്ചു. ഉത്സവങ്ങളും ഗെയിംസും സംഘടിപ്പിച്ചു. യഹൂദരെ പ്രീണിപ്പിക്കാൻ ജറുസലെം ദേവാലയത്തെ വൻതോതിൽ മോടിപിടിപ്പിച്ചു. ഒപ്പം, സീസറിനെ സന്തോഷിപ്പിക്കാൻ ദേവാലയത്തിന്റെ പ്രധാനകവാടത്തിനു മുകളിൽ റോമാസാമ്രാജ്യത്തെ അടയാളപ്പെടുത്തുന്ന സ്വർണ്ണപ്പരുന്തിന്റെ ഒരു ഭീമാകാര പ്രതിമയും സ്ഥാപിച്ചു. അയാൾക്കറിയാമായിരുന്നു ജനം അയാളുടെ മരണത്തിനുവേണ്ടി പ്രാർത്ഥിക്കുന്നുണ്ടെന്ന്. വയസ്സായപ്പോൾ നഗരത്തിലെ കുറെ ശ്രേഷ്ഠവ്യക്തികളെ പിടിച്ച് അയാൾ തുറുങ്കിലടച്ചു. താൻ മരിക്കുന്ന അന്ന് അവരെ വധിക്കണമെന്ന് പട്ടാളത്തിന് നിർദേശവും കൊടുത്തു. "അങ്ങനെ ജറുസലെം മുഴുവൻ എന്റെ മരണദിവസം കരയട്ടെ." ഇതായിരുന്നു അയാളുടെ ആശ. നാലുപാടും അയാൾ ചാരന്മാരെ അയച്ചുകൊണ്ടിരുന്നു. യൂദയ മുഴുവൻ ഭീതിനിറഞ്ഞിരുന്നുവെന്ന് അക്കാലത്തെ ചരിത്രകാരൻ ജൊസേഫുസ് ഫ്‌ളാവിയൂസ് രേഖപ്പെടുത്തുന്നു.

ഹേറോദേസ് അധികാരം സ്ഥാപിക്കുന്ന സമയത്ത് പ്രധാന പുരോഹിതൻ ഹാസ്മോണിയൻ വംശത്തിൽപ്പെട്ടവനായിരുന്നു. അയാളെയും അയാളുടെ കൊച്ചുമകനെയും വധിച്ചതിനുശേഷം ഹേറോദേസ് ഈജിപ്തിൽ നിന്നും ബാബിലോണിൽ നിന്നും തനിക്കിഷ്ടമുള്ളവരെ കൊണ്ടുവന്ന് പ്രധാനപുരോഹിതന്മാരായി വാഴിച്ചു. യേശുവിന്റെ ജനനസമയത്ത് സീസറിനു വിടുപണി ചെയ്യുന്ന ഹേറോദേസിന്റെ ചട്ടുകങ്ങളായിരുന്നു പ്രധാന പുരോഹിതനും അനുയായികളും.

ഹേറോദേസിനും ജറുസലേം നിറഞ്ഞുനിന്നിരുന്ന പ്രധാന പുരോഹിതനും നഷ്ടപ്പെടാൻ ഏറെയുണ്ടായിരുന്നു. ജനതയുടെ രക്ഷകനെ അതുകൊണ്ടാണ് അവർ അങ്ങേയറ്റം ഭയപ്പെട്ടത്. അതു കുഞ്ഞാണെങ്കിൽക്കൂടി അവർക്കവനെ വെച്ചുപൊറുപ്പിക്കാനാകുമായിരുന്നില്ല.

### 3. "പേരെഴുതിക്കാനായി ഓരോരുത്തരും താന്താങ്ങളുടെ നഗരത്തിലേക്കു പോയി." (ലൂക്കോ.2:3).

റോമാക്കർക്ക് തീറ്റയും സർക്കസും; ഹേറോദേസിനു സ്തൂപങ്ങൾ, കോട്ടകൾ, ഗെയിമുകൾ; പ്രധാന പുരോഹിതന് ബലിയർപ്പണവും സുഖജീവിതവും. പക്ഷേ, ഇതിനൊക്കെ പണമെവിടെനിന്ന്? മൂന്നുകൂട്ടരും കൂടി കപ്പം, നികുതി, ദശാംശം എന്നീ പേരുകളിൽ ജനത്തിൽ നിന്നു പണമീടാക്കി. ഏ.ഡി. ഒന്നാം നൂറ്റാണ്ടിലെ യഹൂദന് തന്റെ വരുമാനത്തിന്റെ ശരാശരി 35-40% വരെ നികുതി

☞8

WEBSITE
vedahimani.com
FACE BOOK
vedahimani
MAIL
vedahimani@gmail.com

VEDABHIMANI
EXPERIENCE THE POWER OF TRUTH
Annual Subscription Rs. 150/-

Postal Registered No : KL/MVK/184/2015-2017
Post without prepayment
License No : KL/CR/MVK/WPP-04/2015-2017
Posted on 15, 16 June 2017
at RMS Kayamkulam
Published on Ist June 2017
RNI Registered No. KERMAL/2002/7361



# കൊല്ലുന്ന രക്ഷകൻ

ന്യൂനപക്ഷമായ ക്രിസ്ത്യാനികളെ വലവീശിപ്പിടിച്ച് ഭരണം നിലനിർത്താൻ ക്രൂശിന്റെ ശത്രുക്കളായ ഭാരതത്തിലെ പ്രമുഖ വർഗ്ഗീയ പ്രസ്ഥാനം ആട്ടിൻതോലണിഞ്ഞ ചെന്നായെപ്പോലെ ക്രിസ്ത്യാനികളുടെ രക്ഷകരും സംരക്ഷകരുമായി അവതരിച്ചിരിക്കുന്നു എന്നതാണ് പുതിയ വാർത്ത. ഒരു കൗബോയി കഥയാണ് ഇത്തരുണത്തിൽ ഓർമ്മവരുന്നത്.

അമേരിക്കൻ പശ്ചാത്തലത്തിലുള്ള ഒരു കഥ. ആയിരക്കണക്കിന് ഏക്കറുകളുള്ള മേച്ചിൽസ്ഥലങ്ങളിൽ കുതിരപ്പുറത്തിരുന്നു കാലികളെ മേയ്ക്കുന്നവരെയാണ് കൗബോയികൾ എന്നു വിളിക്കുക. അങ്ങനെയുള്ള ഒരു കൗബോയ് തന്റെ കുതിരയെ അകലെയുള്ള ഒരു മേച്ചിൽസ്ഥലത്തേക്ക് കൊണ്ടുപോവുകയായിരുന്നു. ഒരു പിക്കപ് ട്രക്കിന്റെ പിന്നിലായി ഘടിപ്പിച്ച ട്രെയ്ലറായിരുന്നു കുതിരയെ കൊണ്ടുപോയിരുന്നത്. കാലികളെ മേയ്ക്കാൻ കൗബോയിയെ സഹായിച്ചിരുന്ന കാവൽനായയും ട്രക്കിലുണ്ടായിരുന്നു.

ടാറിടാത്ത ചെമ്മൺപാതയിലൂടെയായിരുന്നു കൗബോയ് പിക്കപ് ട്രക്ക് ഓടിച്ചിരുന്നത്. കുന്നും കുഴിയുമുള്ള ഒരു വളവിലെത്തിയപ്പോൾ നിയന്ത്രണംവിട്ട പിക്കപ് ട്രക്ക് വലിയൊരു കുഴിയിലേക്കു മറിഞ്ഞു. അതോടൊപ്പം ട്രെയിലറും കുഴിയിലായി.

അൽപസമയത്തിനുള്ളിൽ അടുത്തുള്ള ഹൈവേയിലൂടെ കാർ ഓടിച്ചുവരാനിടയായ ഒരു പോലീസുകാരൻ അപകടത്തിൽപ്പെട്ടു കിടക്കുന്ന ട്രക്കും ട്രെയിലറും കാണാനിടയായി. അയാൾ അതിവേഗം അപകടസ്ഥലത്ത് പാഞ്ഞെത്തി. അപ്പോൾ അയാൾ ആദ്യം ശ്രദ്ധിച്ചതു ട്രെയിലറിലുണ്ടായിരുന്ന കുതിരയെയാണ്. സാരമായ പരിക്കേറ്റതുമൂലം വേദനകൊണ്ടു പുളയുന്ന കുതിരയെ കണ്ടപ്പോൾ അയാൾക്ക് അതിനോട് അനുകമ്പ തോന്നി. അയാൾ വേഗം തന്റെ റിവോൾവർ എടുത്ത് കുതിരയുടെ മർമത്തിനുതന്നെ വെടിവച്ചു. അടുത്തനിമിഷം ആ കുതിര അന്ത്യശ്വാസം വിട്ടു.

പിന്നീടു പോലീസുകാരൻ ശ്രദ്ധിച്ചത് അപകടത്തിൽപ്പെട്ടുകിടക്കുന്ന കാവൽനായയെയാണ്. കാലൊടിഞ്ഞതുമൂലം കാവൽനായ അനങ്ങാൻ വയ്യാതെ കിടക്കുകയായിരുന്നു. മൃഗസ്നേഹിയായ അയാൾക്ക് നായയുടെ വേദന കണ്ടുനിൽക്കാൻ സാധിച്ചില്ല. അയാൾ വേഗം തന്റെ റിവോൾവർകൊണ്ട് ആ നായയുടെയും കഥ കഴിച്ചു.

അതിനുശേഷം പോലീസുകാരൻ അപകടത്തിൽപ്പെട്ടു കിടക്കുന്ന കൗബോയിയുടെ സമീപമെത്തി. കൈകളും കാലുകളും ഉൾപ്പെടെ ദേഹമാസകലം പരിക്കേറ്റ അയാൾ അനങ്ങാൻ വയ്യാതെ കിടക്കുകയായിരുന്നു. അയാളെ കണ്ടപ്പോൾ പോലീസുകാരൻ ചോദിച്ചു, കൗബോയ്, എങ്ങനെയുണ്ട്?

പോലീസുകാരന്റെ റിവോൾവറിലെ പുക അപ്പോഴും പൂർണമായി പോയിരുന്നില്ല. അതു ശ്രദ്ധിച്ച അയാൾ പറഞ്ഞു, ഹായ്, ഒരു പ്രശ്നവുമില്ല.



ഇതൊരു ഫലിതകഥയാണ്. എങ്കിലും ഈ കഥയിൽ വലിയൊരു സന്ദേശം അടങ്ങിയിട്ടുണ്ട്. കുതിരയ്ക്കും കാവൽനായയ്ക്കും സംഭവിച്ചതു കണ്ടപ്പോൾ തനിക്കൊരു പ്രശ്നവുമില്ലെന്ന നിലപാടാണ് കൗബോയ് സ്വീകരിച്ചത്. തനിക്കെന്തെങ്കിലും പ്രശ്നമുണ്ടെന്നു കൗബോയ് പറഞ്ഞിരുന്നെങ്കിൽ പോലീസുകാരൻ അയാളെ വെടിവയ്ക്കുമായിരുന്നു. ഈ പോലീസുകാരനെപ്പോലുള്ള രക്ഷകരെ നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

ഭയപ്പെടുത്തുന്ന അവസ്ഥകൾ ഉമ്മറപ്പടിയിൽ എത്തിനിൽക്കുന്ന കാലത്ത് ക്രിസ്ത്യാനിയുടെ നിലപാട് കൃത്യമായിരിക്കണം. വേട്ടക്കാരനോട് ഒത്തുനിന്ന് സുരക്ഷിതരാകാനാകില്ലായെന്ന് നാം ഇനിയെങ്കിലും അറിയേണ്ടിയിരിക്കുന്നു. ❏

☞7

യായി കൊടുക്കേണ്ടിവന്നിരുന്നു എന്നാണ് കണക്കാക്കപ്പെടുന്നത്. വല്ലാതെ വലഞ്ഞ ജനത്തിനിടയിൽനിന്ന് പലപ്പോഴും ലഹളകൾ പൊട്ടിപ്പുറപ്പെട്ടു. ബി.സി. 4 ൽ ലഹളയുണ്ടായപ്പോൾ റോമാക്കാർ കൊന്നൊടുക്കിയത് 3000 പേരെയാണ്; 2000 പേരെ കുരിശിലും തറച്ചു. ഏ.ഡി. 66 –70 ലെ യുദ്ധത്തിൽ ജനതയുടെ ശവശരീരങ്ങൾകൊണ്ട് ജോർദ്ദാൻ നദി നിറഞ്ഞുവെന്ന് ജൊസേഫുസ് രേഖപ്പെടുത്തിയിട്ടുണ്ട്.

അഗസ്റ്റസ് സീസർ സെൻസസിനു ഉത്തരവിട്ടത് തലയെണ്ണി കപ്പം പിരിക്കാനായിരുന്നു. അധികാരവർഗ്ഗത്തിന്റെ ആസക്തികൾക്കിരയായി ഒരു ജനത മുഴുവൻ ആട്ടിത്തെളിക്കപ്പെടുകയാണ്. യൗസേപ്പും മറിയവും ആ ജനത്തിന്റെ ഭാഗമാണ്.


**4. “അടയാളം: ശീലകൾ ചുറ്റി പശുത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ശിശു” (ലൂക്കോ. 2:12).**

സീസറിന്റെ ആടയാഭരണത്തിനു ബദൽ കുഞ്ഞിന്റെ പിള്ളക്കച്ച; ഹേറോദേസിന്റെ പ്രചണ്ഡതക്കു ബദൽ കുഞ്ഞിന്റെ നൈർമല്യം; പ്രധാനപുരോഹിതന്റെ നിയമങ്ങൾക്കു ബദൽ കുഞ്ഞിന്റെ പുഞ്ചിരി. ഈ കുഞ്ഞിനെയാണ് ‘രക്ഷകൻ’ എന്ന് സുവിശേഷകൻ വിളിക്കുന്നത്. ഈ കുഞ്ഞിന്റെ ജനനമാണ് ‘സുവിശേഷ’മായി മാലാഖമാർ പ്രഘോഷിച്ചത്. അത്രനാളും സീസറിനോടു ബന്ധപ്പെടുത്തിയാണ് രക്ഷകൻ, ദൈവപുത്രൻ, സമാധാനം, സുവിശേഷം എന്നീ വാക്കുകൾ ഉപയോഗിക്കപ്പെട്ടിരുന്നത്. അവയുടെ പര്യായമായ ഗ്രീക്കുപദങ്ങൾ അതേപടി സുവിശേഷങ്ങൾ പുൽത്തൊട്ടിയിലെ കുഞ്ഞിനെ കുറിക്കാൻ ഉപയോഗിക്കുകയാണ്. സീസറും സീസറിന്റെ ലോകവും അതിന്റെ മൂല്യങ്ങളും അങ്ങനെയാണ് വളരെ ലാഘവത്വത്തോടെ അട്ടിമറിക്കപ്പെടുന്നത്.

രക്ഷകൻ, ദൈവപുത്രൻ, സമാധാനം, സുവിശേഷം എന്നൊക്കെ സീസറിനോട് ബന്ധപ്പെടുത്തി പറഞ്ഞിരുന്നെങ്കിലും അതൊരവകാശവാദം മാത്രമായി നിലകൊള്ളുകയും യേശുവിൽ അത് യാഥാർത്ഥ്യമാകുകയും ചെയ്തു.

ഭാവാത്മക മനഃശാസ്ത്രത്തിന്റെ പ്രണേതാവായ മാർട്ടിൻ സെലിഗ്മാൻ, ‘ആധികാരികമായ സന്തോഷം’ എന്ന ഗ്രന്ഥത്തിൽ കുറിച്ചുവയ്ക്കുന്നതുപോല, ഭാവാത്മക വികാരങ്ങളും ജീവിതത്തിന്റെ എല്ലാ മേഖലകളിലും നിറഞ്ഞുനിൽക്കുന്ന സംതൃപ്തിയും ജീവിതലക്ഷ്യത്തെക്കുറിച്ചുള്ള സുവ്യക്തമായ ബോധ്യവുമാണ് ഒരാളെ യഥാർത്ഥ സന്തോഷത്തിലേക്ക് നയിക്കുന്നത്.

രക്ഷകനായ ദൈവപുത്രൻ ലോകത്തിന് നൽകുന്നത് ശാശ്വതമായ ശാന്തിയും സ്ഥായിയായ സന്തോഷവും നിത്യജീവനുമാണ്. ഇതല്ലേ യഥാർത്ഥ സുവിശേഷം. ❏




☺ എനിക്ക് നല്ലൊരു ഹൃദയമുണ്ട്. ഉറച്ച വിശ്വാസ ജീവിതത്തിന് ഇത് മതിയാകുമോ. അനുഭവത്തിൽ നിന്നൊരു ഉത്തരം.

ബിജു പാപ്പച്ചൻ, കൊമ്പനാട്, പാണംകുഴി, പെരുമ്പാവൂർ

**☹നല്ല നട്ടെല്ലും വേണം**

☺കാശിനു വേണ്ടി ദൈവത്തിന്റെ ദാസന്മാരാകുന്നവരെ എന്തു വിളിക്കണം.

ലിസ്സമ്മ ജോയി, വരാപ്പുഴ, തേവർകാട്, എറണാകുളം

**☹കാശുദാസൻ**

☺ഓൾഡ് ജനറേഷനാണോ ന്യൂജനറേഷനാണോ ആരുടെ ഭാഗത്താണ് കൂടുതൽ ദുരുപദേശം.

ഷീബാ അലക്സ്, ഓലത്താനി, നെയ്യാറ്റിൻകര, തിരുവനന്തപുരം

**☹കരിമൂർഖനാണോ അണലിക്കാണോ കൂടുതൽ വിഷം എന്നറിഞ്ഞിട്ട് എന്തു കാര്യം. കടികൊള്ളാതെ നോക്കുക.**

☺ പഴയനോട്ടും റേഷനരിയും പോയതിൽ ദുഃഖമുണ്ടോ.

സാജൻ വർഗ്ഗീസ്, മേക്കൊഴൂർ, മൈലപ്ര, പത്തനംതിട്ട

**☹നോട്ട് റേഷനായി തിരിച്ചുവന്നല്ലോ.**

☺ പണം വേണ്ട കാർഡുമതി എന്നു പറയുന്ന പ്രധാനമന്ത്രി നാടിന് അനുഗ്രഹമോ ശാപമോ.

ഷാനി അഗസ്റ്റിൻ, ഒഴുവൻപാറ, കാരിക്കുളം, റാന്നി

**☹പണം മുടക്കാതെ ഓസിനു കിട്ടിയ പ്രധാനമന്ത്രിയല്ലേ. അനുഭവിച്ചോ.**

☺ സൗന്ദര്യം മാത്രം നോക്കി വിവാഹം ചെയ്യുന്നതിനെക്കുറിച്ച്.

പോൾ രവീന്ദ്രൻ, തട്ടയിൽ, അടൂർ, പത്തനംതിട്ട

**☹ഭിത്തിയിലെ പെയിന്റു നോക്കി വീടുവാങ്ങുന്നതുപോലെ.**

☺ കേന്ദ്രഗവൺമെന്റ് വലിയ പ്രതിമകൾ സ്ഥാപിക്കുന്നു. ഇതുകൊണ്ട് പാവങ്ങൾക്ക് എന്തുപ്രയോജനം.

ജോയമ്മ ശാമുവേൽ, ഐക്കാട്, മൈലം, കൊട്ടാരക്കര

**☹വലിയ പ്രതിമകൾ കാണാൻ വിദേശികൾ വരും. ആ പ്രതിമകൾക്കു താഴെയിരുന്ന് പാവങ്ങൾക്ക് പാത്രത്തിൽ വിദേശനിക്ഷേപം സ്വീകരിക്കാമല്ലോ.**




Printed, Published and owned by Titus Mathew, Punnoothara, Karthikappally 690 516. Ph: 9847232598, 9847990939
Printed at St. Paul’s Offset Mavelikara. Published at: Punnoothara, Karthikappally, Alappuzha Dist., Kerala. Editor : Titus Mathew